Annual Subscription : Rs. 175/-

# NEW VISION

## FOR A CHANGING WORLD

Vol 14 Issue 9 May 2014




## ചുവന്ന തെരുവിനെ പച്ച തെരുവാക്കുവാൻ ശ്രമിക്കുന്ന ആൻസൻ



ഡോ. ബാബു പോൾ
മതാടിസ്ഥാനത്തിലുള്ള
അവധി
നിർത്തലാക്കണ
മെന്നാവശ്യപ്പെടുന്നു



ജസ്റ്റിസ് കെ. റ്റി. തോമസ്
കാലം ചെയ്ത
പാത്രിയാർക്കീസ് ബാവയെക്കുറിച്ച്
എഴുതുന്നു



"അടുത്ത കാലത്ത് ഞാൻ വേൾഡ് ഹെൽത്ത് ഡേയ്ക്ക് പ്രസംഗിക്കുവാൻ പോയി. ഞാൻ അവിടെ കൂടിയിരുന്നവരോട് ചോദിച്ചു. നിങ്ങളിലെത്ര പേർക്ക് ആത്മാർത്ഥമായി രോഗമില്ലാത്ത ഒരു നാടുണ്ടാകണമെന്നാഗ്രഹമുണ്ട്. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന നിങ്ങൾക്കും ആളുകളെ കുഴിച്ചിട്ടുകൊണ്ടിരിക്കുന്ന എന്റെയും പണി പോകില്ലേ?". ക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്ത.




ഇൻന്ത്യയിലെ ആദ്യത്തെ വനിതാ ബിഷപ്പായ റൈറ്റ് റവ. ഡോ.പുഷ്പ ലളിതയെ
തിരുവനന്തപുരം റോട്ടറി ക്ലബ് വുമൻസ് എക്സലൻസി അവാർഡ് നൽകി ആദരിക്കുന്നു.
ജസ്റ്റിസ് ജെബി കോശി മേമന്റോ നൽകുന്നു



കാലം ചെയ്ത
പാത്രിയാർക്കീസ്
ബാവായെക്കുറിച്ച്
ജസ്റ്റിസ് കെ. റ്റി.
തോമസ്
എഴുതുന്നു






‘‘NEW VISION FOR A CHANGING WORLD’ is an ecumenical magazine owned by a Nava Darshan Trust, a Public Charitable Trust registered in1999. This periodical, originally started in 1992 as a bimonthly entitled ‘NEW VISION’, has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlighted action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome. *The Meeting Point* (a publication of CISAC, USA) is currently being published in association with *New Vision*.


## EDITORIAL BOARD

**Patron** : Most Rev. Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan
**Chairman** : The Rt. Rev. Dr. Sam Mathew
**Hon. Chief Editor** : Prof. Dr. Cyriac Thomas
**Executive Editor** : Prof. Dr. Jose Parakadavil
**Managing Editor** : Prof. Dr. Mathew Koshy Punnackadu

**Editors :**
The Rev. Dr. Mathew Daniel, Mr. George Bahanan
Dr. Sabu de Mathew, Mr. John George Athyal,
Dr. Anne Susan Koshy, Dr. Muse Mary George
Mr. George Mathew C, Dr.Sabu George
Prof. Vijo Thomas Kurien, Dr.Achamma Alex

**Manager** : The Rev. Prof. K. C. Mathew
**Office Assistant** : Mr. Kurien Thomas T.

## THE MEETING POINT

Editor in Chief : The Rt. Rev. Dr. A George Ninan
Publisher/Managing Editor : Mr. Koshy George
Executive Editor : Dr. Jesudas M. Athyal
Editorial Board : Mr. T. Mathew & Rev. Dr. Anand Veeraraj



**ENGLISH ARTICLES**
**Dr.Jesudas M. Athyal**
(email: jesudas@athyal.org) 781-570-1221

**CONTACT IN USA**
Mr.Koshy George
(Email :koshygeorge47@gmail.com) 718-314-8171

Subscriptions in USA and Canada should be sent to:
CISAC.Inc, P.O. Box 141039, Staten Island,
NY 10314-1039.

**വരിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം**

**മാനേജർ, ന്യൂ വിഷൻ** മന്ദിരം, മാങ്ങാനം പി. ഒ., കോട്ടയം - 686 018
കോട്ടയം സി.എസ്.ഐ. ഡയോസിസൻ ബുക്ക് ഡിപ്പോ, തിരുവല്ല സി.എസ്.എസ്സ്, എന്നിവിടങ്ങളിൽ വരിസംഖ്യ അടയ്ക്കാവുന്നതാണ്. റാപ്പർ നമ്പർ സഹിതം വിവരം ഓഫീസിൽ അറിയിക്കുക.
**(A/c No.67013367593** IFSC no. SBTR 0000471 **New Vision,SBT,Manganam)**

**കത്തുകളും പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും അയയ്ക്കേണ്ട വിലാസം**

ഡോ. മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ, ന്യൂവിഷൻ,
പുന്നയ്ക്കാട് പി. ഒ., കോഴഞ്ചേരി - 689 652,
Phone / Fax : 0468 2214068, 2310376 Mob : 9847275754
e-mail : newvisionmagazine@gmail.com

## CONTACT PERSONS

**Mr. C. J. Rajan** 25, Razak Gardens, 8-Cross Street, Arumbakkam, Chennai - 600 106 Ph : 044-23634755
**Mr. George Eapen**, Kuwait Mob : 66031607
**Mr. Regi Chandy Koshy**, Kuwait. Mob : 66011377
**Jacob Mamoodan**, Pathanamthitta
Ph : 09947440258 Email : mamooden@hotmail.com


# C O N T E N T S


**4** **എഡിറ്റോറിയൽ....**
■ ഡോ. ജോസ് പാറക്കടവിൽ

**5** **ക്രിസോസ്റ്റം തിരുമേനിയോടൊപ്പം**

**7** **തരളിതമായ പാത്രിയാർക്കാ സ്മരണകൾ**
■ ജസ്റ്റിസ് കെ.റ്റി. തോമസ്

**9** **മതാധിഷ്ഠിത അവധി ആവശ്യമോ?**
■ ഡി. ബാബു പോൾ

**11** **ചുവന്ന തെരുവിനെ പച്ച തെരുവാക്കുവാൻ**
■ ജോൺ അത്യാൽ

**14** **REACHING OUT - SHARING FAITH ....**
■ Valson Thampu

**16** **വിസ്മൃതരായ സഭാ പിതാക്കന്മാർ**
■ റവ. ഡോ. കെ.വി. മാത്യു, കോട്ടയം

**18** **ചിരിയോ ചിരി**
■ ജോർജ്ജ് ബഹനാൻ

**20** **SPREAD THE WORD..... GET ONLINE!**
■ Adv. John Joseph Nalloor



**വരിസംഖ്യ**

| | | | | |
|---|---|---|---|---|
| ഒരു വർഷത്തേക്ക് | : | 175 രൂപ | (വിദേശത്തുള്ളവർക്ക് | US$25) |
| രണ്ടു വർഷത്തേക്ക് | : | 250 രൂപ | ( ” | US$35) |
| മൂന്നു വർഷത്തേക്ക് | : | 350 രൂപ | ( ” | US$50) |
| ലൈഫ് മെമ്പർഷിപ്പ് | : | 2000 രൂപ | ( ” | US$250) |
| പേട്രൺ മെമ്പർഷിപ്പ് | : | 10,000 രൂപ | ( ” | US$1000) |

**പരസ്യ നിരക്കുകൾ**

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back cover (outside) | Rs. 7000 | Rs. 3500 | |
| Back cover (inside) | Rs. 5000 | Rs. 3000 | |
| Inner Pages | Rs. 3000 | Rs. 1500 | Rs. 800 |

Cover Design: **IGM Offset Press**
Page Layout @ IGM Offset Press
Ph : 0469 2602192, E-mail: igmthiruvalla@hotmail.com




# ജന്മനാ നീതി നിഷേധിക്കപ്പെട്ടവർ

■ ഡോ. ജോസ് പാറക്കടവിൽ

അന്ധനായ മനുഷ്യനെ മുൻപിൽ നിർത്തി ഇവൻ ജന്മനാ അന്ധനായത് ഇവന്റെ കുറ്റം കൊണ്ടോ മാതാപിതാക്കളുടെ കുറ്റംകൊണ്ടോ എന്നു ചോദിച്ചവർക്ക് യേശു നൽകിയ ഉത്തരം ലോകോത്തരമായ ഉത്തരമായി. വൈകല്യങ്ങളും ബുദ്ധിമാന്ദ്യവും സംഭവിച്ച മനുഷ്യനോടുള്ള സമൂഹത്തിന്റെ, സമീപനത്തിൽ ഉണ്ടാകേണ്ട മാറ്റത്തെക്കുറിച്ച് ചിന്തിക്കുവാൻ ഈ ഉത്തരം പ്രേരകമായി.

ഭിന്നശേഷികളുള്ള മനുഷ്യരെ മുഖ്യധാരയിലേക്കു കൊണ്ടുവരുവാൻ ലോകത്തെല്ലായിടത്തും ക്രൈസ്തവസഭകൾ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. അതിന്റെ ഫലമായി സമകാലിക സമൂഹം വികലാംഗർക്കും ഭിന്നശേഷികൾ ഉള്ളവർക്കും നല്കുന്ന പ്രത്യേക പരിഗണനകൾ മനുഷ്യസമൂഹത്തിന് അഭിമാനം പകരുന്നതാണ്. എങ്കിലും ആ വഴിക്കുള്ള പ്രവർത്തനങ്ങൾ ഇനിയും ഏറെ പുരോഗമിക്കുവാനുണ്ട്. ഏറ്റവുമധികം ആളുകൾ യാത്രയ്ക്കെത്തുന്ന റയിൽവേ സ്റ്റേഷനുകൾ ഇപ്പോഴും ഇത്തരം ആളുകൾക്ക് സൗഹൃദപരമല്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. അവിടെ അസൗകര്യങ്ങൾ മാത്രമാണ് അവരെ കാത്തിരിക്കുന്നത്.

ഇതിനേക്കാളെല്ലാം ഖേദകരമാണ്, നമ്മുടെ രാജ്യത്ത് ലൈംഗിക ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ. സ്ത്രീയോ പുരുഷനോ എന്നു വേർതിരിക്കാനാവാത്ത അവസ്ഥ ജന്മനാ വിധിക്കപ്പെട്ടവർക്ക് പഠനത്തിനോ ജോലിക്കോ അവസരങ്ങൾ ലഭിക്കുന്നില്ല. തങ്ങളുടേതല്ലാത്ത കുറ്റത്താൽ നപുംകസങ്ങളായി പിറന്നവർക്ക് എവിടെയും ഒറ്റപ്പെടൽ മാത്രം. നിന്ദയും അവഹേളനവും പേറി ജീവിക്കേണ്ടി വരുന്ന സ്ഥിതി വിശേഷത്തെ സമൂഹം ഗൗരവമായി കാണുന്നില്ല.

ജാതി, മതം, ലിംഗം, എന്നിവയുടെ പേരിൽ ഒരു പൗരനും വിവേചനം പാടില്ല എന്നു ഭരണഘടന അനുശാസിക്കുന്നുവെങ്കിലും ഈ വിഭാഗം, വിവേചനങ്ങളുടെ ഇരകളായി ജീവിച്ചു വരുന്നു. വളരെപ്പേർ ഭിക്ഷാടനം ചെയ്താണു കഴിയുന്നത്. എന്നാൽ സാധാരണ ഭിക്ഷക്കാർക്കു ലഭിക്കുന്ന സഹതാപം പോലും ഇവർക്കു കിട്ടുന്നതുമില്ല. സമൂഹത്തിന്റെ ഒറ്റപ്പെടുത്തലും പരിഹസിക്കലും പലരുടേയും ഉള്ളിൽ പകയും വിദ്വേഷവും ജനിപ്പിക്കുന്നതു സ്വാഭാവികമാണ്. 1877-ൽ ബ്രിട്ടീഷുകാർ നിർമ്മിച്ച് ക്രിമിനൽ വിഭാഗനിയമം ഹിജഡകളെ ക്രിമിനലുകളായി മുദ്രകുത്തിയത് ഇക്കാരണത്താലാവാം. 1949 ൽ ആ നിയമം എടുത്തുകളഞ്ഞുവെങ്കിലും സമൂഹത്തിന്റെ മനോഭാവത്തിൽ ഏറെ മാറ്റം വന്നില്ല.

ലൈംഗിക ന്യൂനപക്ഷം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ വിഭാഗത്തിന്റെ അവകാശസംരക്ഷണം ആവശ്യപ്പെട്ട് ദേശീയ നിയമസേവന അതോറിറ്റി സമർപ്പിച്ച അപേക്ഷയിൽ സുപ്രീംകോടതി കഴിഞ്ഞയാഴ്ച നടത്തിയ വിധിപ്രസ്താവം ഒരു വഴിത്തിരിവാകുമെന്നു കരുതാം.

ലോക്സഭാ തെരഞ്ഞെടുപ്പിൽ മധുരയിൽ നാമനിർദേശം നല്കി മാധുരി എന്ന വ്യക്തി നേടിയെടുത്ത വിജയവും ചരിത്രസംഭവമായി കരുതപ്പെടേണ്ടതാണ്. സ്ത്രീ/പുരുഷൻ എന്നീ രണ്ടു വിഭാഗങ്ങൾക്കു പുറമേ ഇതരവിഭാഗം എന്നുകൂടി സർക്കാരിന്റെ രേഖകളിൽ ഉൾപ്പെടുത്തണം എന്ന നിർദേശം സർക്കാർ ഉടൻ നടപ്പിലാക്കുമെന്നു പ്രതീക്ഷിക്കാം. ഭരണകൂടത്തോട് സുപ്രീംകോടതി ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ചുള്ള മാറ്റങ്ങൾ സത്വരമായി ഉണ്ടാകേണ്ടതാണ്. അതോടൊപ്പം, സമൂഹത്തിന്റെ മുൻവിധികളിലും ധാരണകളിലും വലിയ മാറ്റമുണ്ടാകണം. നപുംസകങ്ങൾ ദൈവസൃഷ്ടിയാണെന്ന ചിന്തയോടെ അവരെ ഉൾക്കൊള്ളുവാനുള്ള മനഃപരിപാകം എല്ലാവർക്കും ഉണ്ടാകണം. മനുഷ്യജീവിതം കൂടുതൽ കൃത്രിമത്വങ്ങൾ നിറഞ്ഞ് പ്രകൃതിയുടെ സഹജഭാവങ്ങളിൽ നിന്ന് അകലുന്നതുകൊണ്ടു കൂടിയാവാം നപുംസകങ്ങളായി ജനിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത്. എന്തായാലും അവരുടേതല്ലാത്ത കുറ്റത്തിന് അവർ ശിക്ഷിക്കപ്പെടുന്നതു നീതിയല്ല. അതിനാൽ, സ്നേഹോദാരമായ സമീപനങ്ങൾകൊണ്ട് നപുംസകങ്ങളെയും പൊതുധാരയിൽ പ്രവേശിപ്പിക്കുവാനുള്ള ഉദ്യമങ്ങളിൽ ഏർപ്പെടട് സഭകൾ മാതൃക കാട്ടേണ്ടതാവശ്യമാണ്. കേരളത്തിനു പുറത്ത് സി.എസ്.ഐ, ലൂഥറൻ സഭകൾ ഈ രംഗത്തു പ്രകടിപ്പിക്കുന്ന ദീർഘവീക്ഷണത്തോടു കൂടിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. എല്ലാ ക്രൈസ്തവ വിഭാഗങ്ങളും ഏറ്റെടുക്കേണ്ട ഒരു ദൗത്യമാണിത് എന്നതിൽ സംശയമില്ല.

# ക്രിസോസ്റ്റം തിരുമേനിയോടൊപ്പം-6

ഇലക്ഷന്റെ കാലയളവായതിനാൽ തിരുമേനിയെ കാണുവാൻ രാഷ്ട്രീയ നേതാക്കന്മാർ വരുന്നു. അതു കൊണ്ട് തന്നെ തിരുമേനിയോട് ഞാൻ ചോദിച്ചു- ''തിരുമേനി ഇലക്ഷന് ലക്ഷക്കണക്കിന് രൂപായാണ് ഓരോ വ്യക്തിയും ചെലവാക്കുന്നത്. ഇല്ക്ഷൻ കമ്മീഷണർ 70 ലക്ഷം രൂപ വരെ ചെലവഴിക്കുവാൻ അനുവദിച്ചിട്ടുണ്ട്. ഇത്രയും അഴിമതി കാണിക്കാതെ ലഭിക്കുമെന്ന് കരുതാനാവുമോ?. അടുത്ത കാലത്ത് കലാകൗമുദി വാരികയിൽ വന്ന കാര്യം ഇത് കൂടുതൽ വ്യക്തമാക്കുന്നതാണ്. ഇന്ത്യയിൽ പൊതു തെരഞ്ഞെടുപ്പിനായി ആകെ ചെലവിടുന്ന തുക 30 000 കോടി രൂപയാണ്. ലോകത്ത് തെരഞ്ഞെടുപ്പിനായി ഏറ്റവും കൂടുതൽ തുക ചെലവിടുന്ന രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. 42,000 കോടി രൂപ ചെലവിടുന്ന അമേരിക്കയാണ് മുന്നിൽ. ഇന്ത്യയിൽ പൊതു തെരഞ്ഞെടുപ്പിന് തൊട്ടു മുമ്പുള്ള ആഴ്ചകളിൽ സിമന്റിന്റെ ഉപഭോഗം പെട്ടെന്ന് ഇടിയും. പ്രത്യേകിച്ച് ആന്ധ്രയിൽ. ഇന്ത്യയിലെ ഏറ്റവും വലിയ ബിൽഡർമാരും കരാറുകാരുംആന്ധ്രയിൽ നിന്നാണ്. ഇന്ത്യയിലെ രാഷ്ട്രീയക്കാർ കള്ളപ്പണം സൂക്ഷിക്കുവാൻ കെട്ടിടനിർമ്മാതാക്കളെ ആശ്രയിക്കുന്നതാണ് ഇതിന് കാരണം. ഇലക്ഷൻ അടുക്കുമ്പോൾ കെട്ടിടനിർമ്മാതാക്കളെ ഏല്പിച്ചിരിക്കുന്ന പണം രാഷ്ട്രീയക്കാർക്ക് തിരികെ നൽകും. അപ്പോൾ സിമന്റിന്റെ ആവശ്യം കുറയും. സമാന സാഹചര്യം വസ്തു കച്ചവടത്തിലുമുണ്ട്. ഇലക്ഷനു തൊട്ടു മുമ്പ് രാഷ്ട്രീയക്കാർ വസ്തു വിൽക്കുന്നു. വീണ്ടും വാങ്ങുന്നത് ഇല്ക്ഷന് ജയിച്ച് അഞ്ചാറു മാസം കഴിഞ്ഞാണ്''.

''സാറെ, സാർ പറഞ്ഞത് ശരിയാണ്. ഇലക്ഷനിൽ വൻ തുകയാണ് ചെലവാക്കുന്നത്. ശരിയായ രീതിയിലുള്ള പണവും അല്ലെന്നെനിക്കറിയാം. സർ ചെന്ന് ആരോടെങ്കിലും ആയിരം രൂപ ചോദിച്ചാൽ തരുമോ. തെറ്റായ വഴിയിലൂടെ കാര്യങ്ങളിലൂടെ സാധിക്കണമെങ്കിൽ രാഷ്ട്രീയക്കാർക്ക് പണം കൊടുക്കണം. ശുദ്ധഗതിക്കാരനും നല്ലവനുമായ ഒരാൾ രാഷ്ട്രീയത്തിൽ രക്ഷപെടുമോ''.

തിരുമേനി കാര്യങ്ങൾ സൂക്ഷമനിരീക്ഷണം നടത്തുന്നുവെന്ന് മനസ്സിലായി.

തിരുമേനിയെ കാണുവാനായി ഓരോ രാഷ്ട്രീയക്കാർ മാറി മാറി വരികയാണ്. എല്ലാവരേയും തിരുമേനി അവർക്കിഷ്ടപ്പെടുന്ന കാര്യങ്ങൾ പറഞ്ഞു രസിപ്പിക്കും. ഞാനിരിക്കുമ്പോൾ മുൻമന്ത്രി ബിനോയ് വിശ്വവും കുറെ സി പി ഐക്കാരും വന്നു. തിരുമേനി ബിനോയ് വിശ്വത്തിന്റെ ഭാര്യയെക്കുറിച്ച് തിരക്കി. തിരുമേനിക്ക് നേരിട്ട് അറിയാവുന്നയാളാണ്. ഇനിയും വരുമ്പോൾ കോഴിക്കോട്ടുനിന്ന് ഭാര്യയെയും കൊണ്ടു വരാമെന്ന് പറഞ്ഞു. ഫിലിപ്പോസ് തോമസ്, ചെങ്ങറ സുരേന്ദ്രൻ, മാത്യു ടി തോമസ് എന്നിവരുടെ വിജയത്തിന് തിരുമേനിയുടെ അനുഗ്രഹം വേണം.

''ഈ മൂന്നു പേരും നല്ലവരാണ്. അവര് ജയിക്കുന്നത് നല്ലതാ. എനിക്ക് നിങ്ങളെ സഹായിക്കണമെന്നാഗ്രഹമുണ്ട്. മാവേലിക്കരയിൽ വോട്ടു പിടിക്കുവാൻ ഞാൻ വരാതെ അതിന് പറ്റിയ ആളെ ഞാൻ തരാം. ഞാൻ കൂടി അദ്ദേഹത്തോട് പറയാം''.

ആരാണത് എന്ന ആകാംക്ഷയോടെയിരിക്കുമ്പോൾ തിരുമേനി പറഞ്ഞു. ''മുപ്പത്തി മൂന്നു വർഷക്കാലം മാവേലിക്കര കോളജിലെ അദ്ധ്യാപകനായിരുന്ന ഒരാൾ എന്റെയടുത്തിരിപ്പുണ്ട്. അങ്ങേരേം കൂട്ടി മാവേലിക്കരയിലുള്ള അങ്ങേരുടെ ശിഷ്യസമ്പത്തിന്റെ വീട്ടിൽ കയറിയാൽ മതി''.

തിരുമേനി എനിക്ക് പണി തരികയാണെന്ന് പിടി കിട്ടിയതിനാൽ ഞാൻ വേറൊരു വിഷയത്തിലേക്ക് കയറി. ആറന്മുള വിമാനത്താവളത്തിലേക്ക് തിരുമേനിയുടെ ശ്രദ്ധ ഞാൻ തിരിച്ചു.

''തിരുമേനി, ആറന്മുളയിൽ എന്നും സത്യാഗ്രഹം നടക്കുകയാണ്. യാക്കോബായ സഭയിലെ കൂറിലോസ് തിരുമേനി വന്നു. കർദ്ദിനാൾ ക്ലിമ്മിസ് തിരുമേനിയും സൂസൈപാക്യം തിരുമേനിയും അവരുടെ പെറ്റീഷൻസിൽ ഒപ്പിട്ടു. തോമസ് കെ ഉമ്മൻ തിരുമേനി രണ്ടു പ്രസ്താവനകൾ ആറന്മുള വിമാനത്താവളത്തിനെതിരെ നടത്തി. തോമസ് കെ ഉമ്മൻ തിരുമേനിയും ക്രിസോസ്റ്റം തിരുമേനിയും കൂടി ആറന്മുള സത്യാഗ്രഹ പന്തലിൽ ഒന്നു വരുന്നത് നല്ലതാ''.



''സാറെ നല്ലതാ. തോമസ് കെ ഉമ്മൻ തിരുമേനി വരുന്നത് വളരെ നല്ല കാര്യമാ. അദ്ദേഹത്തിന് ഇനിയും ആയുസ്സുണ്ട്. എന്റെ കാര്യമാണെങ്കിൽ ഇന്നോ നാളെയോ എന്ന് കരുതിയിരിക്കുന്നയാളാ. ആറന്മുള ഇപ്പോൾ വന്നാൽ ഞാൻ ഒരു കക്ഷിയുടെ ആളായി മാറും. അതെനിക്ക് ദോഷം ചെയ്യും. കാരണം ഞാൻ മരിച്ചു കിടക്കുമ്പോൾ ഒരു കക്ഷിയിലെ ആൾക്കാർ മാത്രമേ എന്നെ പൊക്കാൻ കാണുകയുള്ളു. ഒരു പാർട്ടിക്കാർക്ക് തന്നെ എന്നെ പൊക്കാൻ പ്രയാസവുമായിരിക്കും. ആറന്മുള സത്യാഗ്രഹത്തിന് വരാതെ തന്നെ ഞാൻ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. വിമാനം എനിക്കിഷ്ടമാണ്. പക്ഷേ കുടിവെള്ളം

മുട്ടിച്ചും കുടിയിറക്കിയും വിമാനത്താവളം വരുന്നതിന് ഞാനെതിരാണ്. ''

ബിനോയ് വിശ്വവും കൂട്ടരും പോയിക്കഴിഞ്ഞപ്പോൾ തിരുമേനിയെ കാണുവാൻ വിവിധ സ്ഥലങ്ങളിൽ നിന്നു ആൾക്കാർ വരുന്നു. ചിലർ വരുന്നത് സഭാ കൗൺസിലിലേക്ക് വോട്ട് ചോദിക്കുവാനും അനുഗ്രഹം വാങ്ങുവാനുമാണ്. തിരുമേനിയുടെ അനുഗ്രഹം വേണമെന്ന് പറയുന്നവർക്ക് വോട്ട് വേണമെന്ന് പറയുന്നവർക്ക് അത് കൊടുക്കും. കെജിഎ ഗ്രൂപ്പിന്റെ കോർപ്പറേറ്റ് ഡയറക്ടർ തോമസ് വർഗീസ് വന്നു. അവിടെയിരുന്ന എന്നെ തിരുമേനി അദ്ദേഹത്തിന് പരിചയപ്പെടുത്തി കൊടുത്തു. ''മാവേലിക്കര ബിഷപ്പ് മൂർ കോളജിലെ പ്രിൻസിപ്പലായിരുന്നു. ഇപ്പോൾ എന്റെ കൂടെയാ''. അദ്ദഹത്തിന്റെ ആദ്യ ചോദ്യം: ''സിഎസ്സ് ഐ സഭയിലാണല്ലെ?. എന്റെ മകളെയും സിഎസ്സ്ഐ സഭയിലാ വിവാഹം കഴിപ്പിച്ചിരിക്കുന്നത്.''

തിരുമേനി ശ്രീ തോമസ് ഏബ്രഹാമിനോട് ചോദിച്ചു. ''മകളോട് പിണക്കായിരുന്നല്ലെ? സിഎസ്സ് ഐ സഭയിൽ കെട്ടിച്ചതു കൊണ്ട് ചോദിച്ചതാ.''

എല്ലാവരും ചിരിച്ചു. ശ്രീ തോമസ് ഏബ്രഹാം തിരുമേനിയോട് വോട്ടും അനുഗ്രഹവും ചോദിച്ചു.

ഞാനൊരാൾക്ക് വോട്ട് കൊടുക്കാമെന്ന് പറഞ്ഞു. ഇനിയും അയ്മേനിക്ക് ഒരു വോട്ട് കൂടിയുണ്ട്.

തിരുമേനിയുടെ അനുഗ്രഹം വാങ്ങി വോട്ട് പിന്നീട് ചെയ്യുമെന്ന പ്രതീക്ഷയിൽ അദ്ദേഹം യാത്രയായി.തിരുമേനിയും ഞാനും തന്നെയായപ്പോൾ തിരുമേനിയോട് ഒരു ചോദ്യം ചോദിച്ചു. ''തിരുമേനി, ഇന്ന് സഭകൾ രണ്ട് കാര്യങ്ങൾക്ക് വളരെ പ്രാധാന്യം നൽകുന്നു. അവയദാനം മഹത്തായ കാര്യമാണെന്ന് സഭകൾ പറയുന്നു. അത് പ്രോത്സാഹിപ്പിക്കുന്നു. രണ്ട് സൗജന്യ ഡയാലിസിസ് നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ സഭകൾ ചെയ്യുന്നു. അതിന് വേണ്ടി കൂടുതൽ ക്രമീകരണങ്ങൾ ചെയ്യുവാൻ സഭാജനങ്ങളോട് ആവശ്യപ്പെടുന്നു..''

''ഇത് നല്ലതല്ലെ സാറേ?.''

''തിരുമേനി പറഞ്ഞതു പോലെ അത്യാവശ്യത്തിലിരിക്കുന്നവനെ സഹായിക്കുവാൻ ഇത് വേണം. പക്ഷേ സഭയുടെ അടിസ്ഥാന ദൗത്യം ഇതല്ല. ഈയൊരു സാഹചര്യത്തിലെത്താതെ, സൂക്ഷിക്കുവാൻ ജനങ്ങളെ മാനസാന്തരത്തിന്റെ അനുഭവത്തിലേക്ക് കൊണ്ടുവരികയെന്നതാണ് പ്രധാന കടമ. അതിന് ജനങ്ങളുടെ ജീവിതശൈലിയിൽ മാറ്റമുണ്ടാക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുകയാണ് സഭ പ്രാഥമികമായി ചെയ്യേണ്ടത്. കാരണം വൃക്കകൾ തകരാറിലാകുന്നതിന്റെ ഒരു കാരണം പ്രഷർ ക്രമീകരിക്കാതെയുള്ള ഭക്ഷണവും ജീവിത ശൈലിയുമാണ്. തെറ്റായ ജീവിത ശൈലി തുടരുന്നതിനാൽ പലപ്പോഴും ശരീരത്തിലെ അവയങ്ങൾ തകരാറിലാകുന്നത്. രണ്ടാമത് അവയങ്ങൾ മാറ്റിവെയ്ക്കുന്നത് ലക്ഷക്കണക്കിന് പണം ചെലവാകുന്നതാണ്. അത് പണമുള്ളവർക്ക് മാത്രമേ സാധിക്കൂ..''

''സർ പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. പ്രിവൻഷനാണ് പ്രാധാന്യം, രോഗം വന്നിട്ട് ചികിത്സിക്കുന്നതല്ല. രോഗം വന്നവർക്ക് റിലീഫ് മെഷർ വേണം. സഭയുടെ ശക്തീകരണം രോഗം വരുത്തുന്ന സാഹചര്യങ്ങൾക്കെതിരെ പോരാടുകയെന്നതായിരിക്കണം. കാൻസർ തെറ്റായ ഭക്ഷണ രീതി കൊണ്ടുണ്ടാകാം.

ഒരു ഗ്രാമത്തിൽ ശുദ്ധമായ വെള്ളം വായു തുടങ്ങിയവ ലഭ്യമാക്കുന്നത് പഞ്ചായത്ത് അംഗത്തിന്റെ ചുമതലയായിരിക്കണം. മാലിന്യമില്ലാത്ത പച്ചക്കറികൾ ഭക്ഷണത്തിനായി ലഭ്യമാക്കണം. അതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യാത്ത പഞ്ചായത്ത് പ്രതിനിധിയെ ശിക്ഷിക്കുവാൻ വകുപ്പ് വേണം. അടുത്ത കാലത്ത് ഞാൻ വേൾഡ് ഹെൽത്ത് ഡേയ്ക്ക് പ്രസംഗിക്കുവാൻ പോയി. ഞാൻ അവിടെ കൂടിയിരുന്നവരോട് ചോദിച്ചു. നിങ്ങളിലെത്ര പേർക്ക് ആത്മാർത്ഥമായി രോഗമില്ലാത്ത ഒരു നാടുണ്ടാകണമെന്നാഗ്രഹമുണ്ട്. സത്യത്തിൽ നിങ്ങൾക്കാർക്കും അങ്ങനെ ആഗ്രഹമുണ്ടെന്നനിക്കഭിപ്രായമില്ല. മരിക്കുന്നവരെ കുഴിച്ചിടുകയെന്നതാ എന്റെ ഇപ്പോഴത്തെ പ്രധാന ജോലി. ആരും മരിക്കാതായാൽ എന്റെ ജോലി പോയില്ലെ. ആർക്കും രോഗം വരാതായാൽ ഡോക്ടർക്ക് പണി കിട്ടുമോ? നല്ല വരുമാനമുണ്ടായാലേ ആശുപത്രികളിൽ നല്ല ശമ്പളം നൽകി ഡോക്ടറെ നിലനിർത്തുകയുള്ളു. പണിയില്ലെങ്കിൽ നേഴ്സുമാരെല്ലാം എവിടെ പോകും. രോഗികളെ സൃഷ്ടിക്കുന്ന ഒരു സാമൂഹ്യാന്തരീക്ഷമാണ് ഇന്ന് നിലനില്ക്കുന്നത്. സഭകൾ ഇന്ന് ചെയ്യുന്നത് ഈ വ്യവസ്ഥിതി നിലനിർത്തി ചില റിലീഫ് പ്രവർത്തനങ്ങൾ നടത്തുകയാണ്. ഇത് മാറണം. കേരളത്തിലെ സഭകളിലെ ബിഷപ്പുമാരെ വിളിച്ചു കൂട്ടി ഈ തെറ്റായ വ്യവസ്ഥിതിക്കെതിരെയും ജനങ്ങളുടെ തെറ്റായ ജീവിത ശൈലിക്കെതിരെയും ചില നിലപാടുകൾ എടുക്കുവാനും പ്രേരിപ്പിക്കണം. അതിന് വെല്ലൂർ മെഡിക്കൽ കോളജിലെ ഡയറക്ടർ ഉൾപ്പെടെ ചിലരെ കൊണ്ടുവരുവാൻ നമുക്ക് സാധിക്കണം. അതിന് ആരെങ്കിലും നേതൃത്തം കൊടുത്താൽ ഞാനും സഹകരിക്കും.''



# തരളിതമായ പാത്രിയാർക്കാ സ്മരണകൾ



■ ജസ്റ്റിസ് കെ.റ്റി. തോമസ്

കാലം ചെയ്ത അന്ത്യോക്യാ പാത്രിയർക്കീസ് സാഖാ പ്രഥമൻ ബാവ ആദ്യമായി കേരളം സന്ദർശിച്ചത് 1982 ലായിരുന്നു. അദ്ദേഹം സംസ്ഥാന അതിഥിയായിട്ടാണ് സ്വീകരിക്കപ്പെട്ടത്. ഗവൺമെന്റ് സെക്രട്ടറി ബാബു പോൾ ഐ.എ.എസ്സ് അദ്ദേഹത്തെ അനുധാവനം ചെയ്യുന്നതിന് ഗവൺമെന്റ് ഉത്തരവുണ്ടായി അദ്ദേഹം തൃശൂർ രാമനിലയം ഗസ്റ്റ് ഹൗസിൽ ഒരു ദിവസം താമസിച്ചപ്പോൾ തോഴിയൂർ സ്വതന്ത്ര സുറിയാനി സഭയുടെ മെത്രാപ്പോലിത്ത ആയിരുന്ന പീലിക്സിനോസ് രാമനിലയത്തിൽ വച്ച് പാത്രക്കീർസ് ബാവായെ സന്ദർശിച്ചിരുന്നു എന്നും അവർ തമ്മിൽ സംഭാഷണം നടത്തി എന്നും ബാബു പോളിൽ നിന്നും എനിക്ക് അറിയാൻ കഴിഞ്ഞു. തോഴിയൂർ മെത്രാപ്പോലീത്ത അപ്പോൾ പാത്രിയാർക്കിസിനോട് ഒരു അഭ്യർത്ഥന നടത്തി. അദ്ദേഹത്തിന് മെത്രാപ്പോലീത്ത സ്ഥാനം നൽകിയത് മാർത്തോമ്മാ മെത്രാപ്പോലീത്തായായിരുന്നതുകൊണ്ട് തന്റെ പട്ടത്വത്തിന് ഉണ്ടായ ന്യൂനത പരിഹരിച്ചു കിട്ടുന്നതിലേക്ക് പാത്രിക്കീർസ് ബാവാ തൊഴിയൂർ ദേവാലയത്തിൽ എഴുന്നുള്ളണമെന്നും ഹ്രസ്വമായിട്ടെങ്കിലും മറ്റൊരു പട്ടത്വ ശുശ്രൂഷ നടത്തണമെന്നും ആയിരുന്നു അഭ്യർത്ഥന. അതിനു പാത്രിക്കീസ് കൊടുത്ത മറുപടി ഇങ്ങനെയായിരുന്നു. "മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ പട്ടത്വത്തിന് യാതൊരു ന്യൂനതയുമില്ല. അങ്ങിനെ ഉണ്ടെന്നു പറയുന്ന പ്രചരണങ്ങൾ അടിസ്ഥാന രഹിതമാണ്. അതുകൊണ്ട് മറ്റൊരു പട്ടത്വ ശുശ്രൂഷ നടത്തേണ്ട ആവശ്യമില്ല." ഇങ്ങിനെ പറഞ്ഞു എന്നുള്ള വിവരം എന്നോടു ബാബു പോൾ അറിയിച്ചപ്പോൾ മാർത്തോമ്മാ സഭാംഗമായ എനിക്ക് വലിയ സന്തോഷം തോന്നി. അങ്ങിനെയിരിക്കെ പാത്രിക്കീസ് ബാവ കോഴിക്കോട് സന്ദർശിക്കുന്നതായി പത്രദ്വാരാ ഞാൻ മനസ്സിലാക്കി. അക്കാലത്ത് ഞാൻ കോഴിക്കോട് ഡിസ്ട്രിക് സെഷൻസ് ജഡ്ജി ആയിരുന്നു. പാത്രിക്കീസ് ബാവയെ നേരിട്ടു കണ്ടാൽകൊള്ളാമെന്ന് ഞാൻ ബാബു പോളിനോടു പറഞ്ഞപ്പോൾ അദ്ദേഹം അതിലേക്ക് സൗകര്യങ്ങളൊരുക്കി തന്നു.

അതിൻപ്രകാരം നിശ്ചിത ദിവസം വൈകുന്നേരം അഞ്ചുമണിക്ക് ഞാനും ഭാര്യയും ഗസ്റ്റ് ഹൗസിൽ എത്തി. അവിടെ മുറിയിൽ അപ്പോൾ പാത്രിക്കീസ് ബാവയും ബാബു പോളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഏകദേശം അരമണിക്കൂർ സമയം ബാവയോടുകൂടി സൗഹൃദസംഭാഷണം നടത്താൻ സാധിച്ചു. ആദ്യത്തെ കാഴ്ചയിൽ തന്നെ ആ വലിയ ആത്മീയ മേലദ്ധ്യക്ഷൻ എന്നെ ആകർഷിച്ചു. സദാസുസ്മേര വദനനായിരുന്ന അദ്ദേഹത്തിന്റെ കറുത്ത താടി മീശയിൽ ഏതാനും വെള്ളിക്കമ്പികൾ പ്രത്യക്ഷപ്പെട്ടത് അദ്ദേഹത്തിന്റെ മുഖകാന്തി വർദ്ധിപ്പിച്ചിരുന്നു. ദിവ്യത്വമുള്ള ശോഭ അദ്ദേഹത്തിന്റെ മുഖത്ത് വിളങ്ങിയിരുന്നു. ഇത്രയും ദിവ്യശോഭ വിളങ്ങിയിരുന്ന മറ്റൊരു ആത്മീയ മേലദ്ധ്യക്ഷനെ ഞാൻ കണ്ടിട്ടില്ല.

സംഭാഷണ മദ്ധ്യേ ഞാൻ ബാറിൽ നിന്നും നേരിട്ടു ജില്ലാ ജഡ്ജി സ്ഥാനത്ത് എത്തിയതാണെന്ന് അറിഞ്ഞപ്പോൾ ഭാവിയിൽ എവിടെവരെ എത്തപ്പെടാൻ സാധിക്കുമെന്ന് അദ്ദേഹം തിരക്കി. ഭാഗ്യമുണ്ടെങ്കിൽ ഹൈക്കോടതിവരെ ജഡ്ജി സ്ഥാനം എത്താൻ സാധിച്ചേക്കുമെന്ന് ഞാൻ മറുപടി പറഞ്ഞു. അതിനുമപ്പുറത്ത് ഇൻഡ്യയുടെ പരമോന്നത നീതി പീഠമായ സുപ്രീം കോടതി ആണെന്നു ബാബു പോൾ അദ്ദേഹത്തോടു പറഞ്ഞു. "നിങ്ങൾക്ക് സുപ്രീംകോടതിയിൽ എത്താൻ സാധിക്കുമോ?" എന്നു ബാവ ചോദിച്ചപ്പോൾ ഒരുപക്ഷെ സന്ദർശകനായിട്ടോ, ടൂറിസ്റ്റ് ആയിട്ടോ അവിടെ ചെല്ലാൻ സാധിച്ചേക്കും എന്നു ഞാൻ മറുപടി പറഞ്ഞു. സംഭാഷണം കഴിഞ്ഞ് അദ്ദേഹം അഞ്ചു മിനിട്ട് പ്രാർത്ഥിച്ചു എന്നിട്ടു പറഞ്ഞു "പക്ഷെ, എന്റെ മസ്സു പറയുന്നു നിങ്ങൾ സുപ്രീംകോടതി ജഡ്ജി ആയിത്തിരുമെന്ന്" അതെപ്പറ്റി ഞാൻ വളരെ നിസ്സാരമായി ഇങ്ങനെ പ്രതികരിച്ചു. "ഒരു കുട്ടിയെ കണ്ടാൽ അവർ ഇന്ത്യയുടെ പ്രധാനമന്ത്രി അല്ലെങ്കിൽ പ്രസിഡന്റ് ആയിത്തീരട്ടെ എന്ന് ആശംസിക്കുന്നത് അസാധാരണമല്ലോ" . പിറ്റേദിവസം കോഴിക്കോട് യാക്കോബായ ദേവാലയത്തിൽ പാത്രിക്കീസ് ബാവ കുർബാന അർപ്പിക്കുമെന്ന് ബാബു പോൾ പറഞ്ഞതുകൊണ്ട് ഞാനും ഭാര്യയും അവിടുത്തെ ആരാധനയിൽ സംബന്ധിച്ചു. ആരാധനയ്ക്കുശേഷം ഞങ്ങൾ തമ്മിൽ ഒരിക്കൽകൂടി കണ്ടു. അപ്പോൾ അദ്ദേഹം സ്വർണ നിറമുള്ളതും തന്റെ പേര് ലിഖിതം ചെയ്തിരുന്നതുമായ ഒരു പേന എനിക്കു സമ്മാനിച്ചു. അതോടുകൂടി എന്റെ പാത്രിയാർക്ക സന്ദർശനം പൂർത്തിയായി.

വളരെ വർഷങ്ങൾ കഴിഞ്ഞ് ഞാൻ സുപ്രീംകോടതി ജഡ്ജിയായി നിയമിക്കപ്പെട്ടു. സത്യപ്രതിജ്ഞക്കുശേഷം സുപ്രീംകോടതിയിൽ ഒരു സീനിയർ ജഡ്ജിയോടൊപ്പം ഞാൻ കേസ്സുകൾ കേട്ടു. വൈകുന്നേരം ഡൽഹിയിലെ കേരളാ ഹൗസിലുള്ള എന്റെ മുറിയിൽ എത്തിയപ്പോൾ ഡമാസ്ക്കസിൽ നിന്നും വന്ന ഒരു കവർ അവിടെയുണ്ടായിരുന്നു. ഞാൻ അത്

പൊട്ടിച്ചുവായിച്ചപ്പോൾ ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ അന്ത്യോക്യാ പാത്രിക്കീസ് സാക്കാ പ്രഥമന്റെ ലറ്റർ ഹെഡിൽ എഴുതി അദ്ദേഹം തന്നെ ഒപ്പിട്ട ഒരു കത്തായിരുന്നു. അതിൽ അദ്ദേഹം എഴുതിയിരുന്നതിന്റെ രത്ന ചുരുക്കം ഇതാണ്. "നിങ്ങൾ ഇപ്പോൾ ഇന്ത്യൻ സുപ്രീംകോടതിയുടെ ജഡ്ജി ആയി നിയമിക്കപ്പെട്ടു എന്ന് അറിഞ്ഞതിൽ ഞാൻ വളരെ സന്തോഷിക്കുന്നു. വളരെ വർഷങ്ങൾക്കുമുമ്പ് നിങ്ങളെ ഞാൻ കോഴിക്കോട്ടുവച്ച് കണ്ടപ്പോൾ ഈ സ്ഥാനത്തുനിങ്ങൾ എത്തുമെന്ന് ഞാൻ പറഞ്ഞിരുന്നത് ഓർക്കുന്നുണ്ടോ? എനിക്ക് അപ്രകാരം തോന്നിയത് പരിശുദ്ധാത്മ വ്യാപാരം മൂലമാണ് എന്നു വിശ്വസിക്കുന്നു. അതിനു ഞാൻ ദൈവത്തെ സ്തുതിക്കുന്നു." ആ കത്ത് വിലപ്പെട്ട ഒരു രേഖയായി ഇപ്പോഴും ഞാൻ സൂക്ഷിക്കുന്നു.

അദ്ദേഹം പരമാദ്ധ്യക്ഷനായ സമുദായത്തിലെ രണ്ടു വിഭാഗക്കാർ തമ്മിൽ ഉണ്ടായിട്ടുള്ള അനവധി വ്യഹാരങ്ങളിൽ ചിലത് എന്റെ കോടതിയിൽ വാദത്തിനുവേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇരു വിഭാഗത്തിൽപ്പെട്ടവരുമായി എനിക്കുള്ള മമതാ ബന്ധംകൊണ്ട് ആ ഗണത്തിലുള്ള ഒരു കേസ്സിലും ഞാൻ വാദം കേൾക്കാൻ സമ്മതിച്ചിട്ടില്ല. ഈ കാര്യം ഒരു പക്ഷെ പാത്രിക്കീസ് ബാവയും അറിഞ്ഞിട്ടുണ്ടാവണം.

എന്റെ റിട്ടയർമെന്റിനുശേഷം കോട്ടയത്ത് താമസമായിക്കഴിഞ്ഞ് വലിയ ഉത്തരവാദിത്വങ്ങൾ നിറഞ്ഞ പല ചുമതലകളും ഞാൻ വഹിച്ചിട്ടുണ്ട്. ഞാൻ അവ എപ്രകാരം കൈകാര്യം ചെയ്തിരുന്നു എന്ന് പാത്രിക്കീസ് ബാവ അറിഞ്ഞുകൊണ്ടിരുന്നതായി എനിക്ക് മനസ്സിലാക്കാൻ സാധിച്ചു.

സാഖ പ്രഥമൻ ബാവ അന്ത്യോക്യാ പാത്രിക്കീസ് ആയി 25 വർഷം പൂർത്തീകരിച്ചപ്പോൾ അമേരിക്കയിലുള്ള മലയാളികൾ (മലയാറ്റൂർ റോയി പി. തോമസ്സിന്റെ നേതൃത്വത്തിൽ) അത്യന്തം മനോഹരമായ ഒരു ജൂബിലി സ്മരണിക പ്രസിദ്ധപ്പെടുത്തി. ലോകത്തുള്ള ഇതര സഭകളിലെ ഉന്നത മേലദ്ധ്യ




ക്ഷന്മാർ എഴുതിയ ലേഖനങ്ങളോടൊപ്പം അന്ന് മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷ സ്ഥാനത്ത് ഇരുന്ന ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത എഴുതിയ ആധികാരികമായ ഒരു ലേഖനവും ഉൾപ്പെടുന്നു. ആ ലേഖനം അദ്ദേഹം എഴുതിക്കഴിഞ്ഞ് എന്റെ പക്കൽ ഏൽപിച്ച് അതിൽ ചരിത്രപരമായോ, നിയമപരമായോ പിശകുകൾ ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ചിരുന്നു. അതിലേറെ എനിക്കു സന്തോഷമുണ്ടായത് ആ സ്മരണിക ഇൻഡ്യയിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്ക് അമേരിക്കൻ മലയാളികൾ സംഘടിപ്പിച്ച ഒരു ചടങ്ങിൽ എന്നെക്കൊണ്ട് അതിന്റെ പ്രകാശനകർമ്മം നിർവഹിച്ചു എന്നുള്ളതാണ്.

സാഖാ പ്രഥമൻ ബാവയുടെ ഒടുവിലത്തെ കേരള സന്ദർശനം 2008-ൽ ആയിരുന്നു. ആ സന്ദർശനത്തിൽവെച്ച് അദ്ദേഹം എന്നെപ്പറ്റി അന്വേഷിച്ചു എന്നു മാത്രമല്ല മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ അങ്കണത്തിൽ വച്ച് ഒരു വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ "Dayano Hakeamo" (ജ്ഞാനിയായ ന്യായാധിപൻ) എന്ന ബഹുമതി എനിക്ക് നൽകുകയും അതിന്റെ സൂചനയായി ഒരു മെഡൽ പതിക്കുകയും ചെയ്തു. അതു സംബന്ധിച്ച് കൽപനയും സർട്ടിഫിക്കറ്റും എനിക്കു ലഭിച്ചിട്ടുണ്ട്.

അദ്ദേഹം അഖിലലോക സഭാ കൗൺസിലിന്റെ പ്രസിഡന്റായി ഇരുന്നിട്ടുണ്ട്. അതിനു മുൻപ് 1962-ൽ ആ സ്ഥാനം അലങ്കരിച്ചിരുന്നത് ഞാൻ ഉൾപ്പെടുന്ന മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന ഡോ. യൂഹാനോൻ മാർത്തോമ്മ വലിയ മെത്രാപ്പോലീത്ത ആയിരുന്നു. രണ്ടു പേർക്കും സമാനതകൾ വളരെ ഉണ്ടായിരുന്നു. സാഖാ പ്രഥമൻ ബാവയുടെ മാഹാത്മ്യം കാഴ്ചയിലും, പെരുമാറ്റത്തിലും, സംഭാഷണത്തിലും, ആരാധനയിലും സ്ഫുരിച്ചുകൊണ്ടേ ഇരുന്നു. അദ്ദേഹത്തെപ്പറ്റിയുള്ള സ്മരണകൾ എക്കാലവും എനിക്ക് തരളിതമായിരിക്കും എല്ലാ അർത്ഥത്തിലും അദ്ദേഹം ഒരു ദൈവമനുഷ്യനായിരുന്നു. ■

# മതാധിഷ്ഠിത അവധി ആവശ്യമോ?



■ ഡി. ബാബു പോൾ

***തൊ***ണ്ണൂറുകളുടെ തുടക്കത്തിൽ സർക്കാരിന്റെ ഏറ്റവും വേഗം കൂടിയ വാർത്താവിനിമയ സംവിധാനം വയർലെസ് തന്നെയായിരുന്നു. “അൽഫാ കോളിംഗ് ബീറ്റാ, ഓവർ,” “വർക്കി നോട്ട് വർക്കിംഗ് ഹിയർ, ഓവർ.” “വർക്ക് വിൽ പൈലപ്, ഓവർ,” “പൈലി ഓൾസോ ഓൺലീവ് ഓവർ” എന്ന ലൈൻ. അതിന് കടലാസ് ഉണ്ട്: ഏതോ പി സി നാലായിരത്തറുന്നൂറ്റിപ്പന്ത്രണ്ട് കാർബൺ വച്ച് കുറിക്കുന്ന തലയിലെഴുത്ത്. എന്നാൽ സാധാരണ ഓഫീസ് ജോലിക്ക് വയർലെസ് വയ്യ. അന്താരാഷ്ട്രീയ വാർത്താവിനിമയത്തിനും പ്രയോജനമില്ല. അങ്ങനെ ടെലക്സ് ഉപയോഗത്തിലായി.

ലോകബാങ്കിലെ ഉദ്യോഗസ്ഥന്മാർ അക്കാലത്ത് നിർബന്ധമായി ആവശ്യപ്പെട്ട് വന്നത് സെക്രട്ടേറിയറ്റിൽ ഫാക്സ് യന്ത്രം സ്ഥാപിക്കണമെന്നായിരുന്നു. ബ്രെട്ടൺവുഡ്സ് സ്ഥാപനങ്ങളിൽ ഇ-മെയിലും വോയ്സ് മെയിലും ഒക്കെ പ്രചാരത്തിലായിക്കഴിഞ്ഞിരുന്നെങ്കിലും ഇന്ത്യയിൽ അത് നടപ്പില്ലെന്ന് എല്ലാവർക്കും അറിയാമായിരുന്നു. ഫാക്സ് പോലും ഉടൻ അനുവദിച്ചു കിട്ടിയില്ലെന്നാണ് ഓർമ.

ഒരു ലോകബാങ്ക് പദ്ധതിയുടെ അവലോകനത്തിന് വിദഗ്ദ്ധന്മാർ ഇങ്ങോട്ടു വന്നത് ഏപ്രിൽ - മേയ് കാലത്ത് കേരളത്തിൽ ദുഃഖവെള്ളിയാഴ്ചയുടെ ചുറ്റുവട്ടത്തുള്ള അവധിക്കാലമാണ് എന്നു പറഞ്ഞിട്ടും സായിപ്പ് തീയതി മാറ്റിയില്ല.

വന്ന സായിപ്പുമാർക്ക് ക്രിസ്ത്യൻ പേരുകൾ ആയിരുന്നു. എന്നാൽ അവർ ക്രിസ്ത്യാനികൾ ആയിരുന്നില്ല. ജപ്പാനിലെ ബുദ്ധമതക്കാരെപ്പോലെ. ഏതെങ്കിലും രേഖയിൽ മതം സൂചിപ്പിക്കേണ്ടി വന്നാൽ ‘സാങ്കേതികമായി ബുദ്ധമതം’ (Technically Budhist) എന്നാണ് അവർ പലരും എഴുതുക. പാശ്ചാത്യനാടുകളിൽ ‘മതം ഇല്ല’ എന്നോ ‘ക്രിസ്ത്യാനി’ എന്നോ എഴുതും. രണ്ടും തമ്മിൽ ഭേദമില്ലതാനും! പെസഹാ വ്യാഴാഴ്ച, ദുഃഖവെള്ളിയാഴ്ച, വാരാന്ത്യം: നാല് ദിവസം വിദ്വാന്മാർ കോവളത്ത് സ്വൽപം കുളിയും സ്വൽപം ഗൃഹപാഠവും ആയി കഴിച്ചു. സത്യം പറഞ്ഞാൽ അന്നാണ് ഞാൻ അറിഞ്ഞത് അമേരിക്കയിൽ ദുഃഖവെള്ളിയാഴ്ച അവധിയല്ലെന്ന്.

നമ്മുടെ നാട്ടിൽ അവധി ദിവസങ്ങളുടെ എണ്ണം കൂടുതലാണെന്ന് എല്ലാവരും സമ്മതിക്കും. എന്നാൽ അവധി നിശ്ചയിക്കുന്നത് മതത്തിന്റെയും സമുദായത്തിന്റെയും അടിസ്ഥാനത്തിലാണെന്നും അവ കാലക്രമേണ അടയാളപ്പലകകളായി ഭവിക്കുന്നുവെന്നും നാം പലപ്പോഴും ശ്രദ്ധിക്കാറില്ല.

ക്രിസ്ത്യൻ വിശേഷദിവസങ്ങളെക്കുറിച്ച് ആദ്യം പറയാം. ഈസ്റ്റർ ആണ് പൗരസ്ത്യ ക്രൈസ്തവരുടെ ഏറ്റവും വലിയ ഉത്സവം. അത് എപ്പോഴും ഞായറാഴ്ച ആയിരിക്കും. ക്രിസ്മസും ദുഃഖവെള്ളിയും മാറി മാറി വരും. ഈ രണ്ടു ദിവസങ്ങളിൽ പൊതുവായി ഒഴിവ് കൊടുക്കുന്നത് എന്താണ്?

ആവശ്യമുള്ളവർക്ക് സ്വന്തം അവധി എടുക്കാമെന്നുവെയ്ക്കാം. അല്ലെങ്കിൽ ക്രിസ്ത്യാനികൾക്കു മാത്രമായി നിയന്ത്രിച്ചുകൊണ്ട് അവധി പ്രഖ്യാപിക്കാം. ഒപ്പം അന്ന് ഓഫീസിൽ ഹാജരാകുന്ന ക്രിസ്ത്യാനിക്ക് ഒരു ദിവസത്തെ ശമ്പളം ഇനാം ആയി നൽകാൻ കൂടി തീരുമാനിച്ചാൽ ഒട്ടുമിക്ക ക്രിസ്ത്യാനിയും ഓഫീസുകളിൽ ഹാജരായിരിക്കുമെന്ന് ഊഹിക്കാൻ വിഷമമില്ലതാനും. ശ്രീനാരായണഗുരു നവകേരളശിൽപികളിൽ അഗ്രഗണ്യനാണ്. അധ്വാനിച്ചു മുന്നേറാനാണ് അദ്ദേഹം ഉപദേശിച്ചത്. ശിവഗിരി തീർത്ഥാടനം എന്ന ആശയം മുന്നോട്ടുവച്ചപ്പോൾ പോലും അനുഷ്ഠാനമായി അത് നടന്നുകൊള്ളട്ടെ എന്ന് അനുവദിക്കയല്ല, മറിച്ച അനുഷ്ഠാനമായി അധഃപതിക്കാൻ ഇടകൊടുക്കരുതെന്ന് നിഷ്കർഷിക്കുകയാണു ചെയ്തത്. അന്നത്തെ ലോകത്തിൽ അത്യന്തം പുരോഗമനപരം എന്നു കരുതേണ്ട വിഷയങ്ങളിൽ ഈഴവസമുദായത്തെ പ്രബുദ്ധരാക്കാനുള്ള സന്ദർഭം എന്ന നിലയിൽ വേണം പരിപാടി ചിട്ടപ്പെടുത്താൻ എന്ന് പറയുകയും ചെയ്തു ഗുരുദേവൻ. അദ്ദേഹത്തിന്റെ ജയന്തിയും സമാധിയും ജോലിയുമുപേക്ഷിച്ച് ആചരിക്കണമെന്ന് പറയുന്നത് ആ മഹാപ്രവാചകനെ ധിക്കരിക്കുന്നതിന് തുല്യമാണ്. എന്നാൽ അടയാളപ്പലകകളായി അവധി ദിനങ്ങൾ തുടരുന്ന കാലത്തോളം ഗുരുദേവനോട് ബന്ധപ്പെട്ട നാളുകൾ അവധി അല്ലാതിരിക്കുന്നത് ശരിയല്ലെന്നു മാത്രമേ ആർക്കും പറയാൻ കഴിയൂ.

നമ്മുടെ അവധിദിനങ്ങളുടെ പട്ടിക പരിശോധിച്ചാൽ മതബന്ധമല്ലാത്ത ദിവസങ്ങൾ കുറവാണെന്നു കാണാൻ കഴിയും. അതുകൊണ്ട് മതവും സമുദായവും ഒക്കെ കണക്കിലെടുത്ത് അവധി നിശ്ചയിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാനാണ് ആദ്യം തീരുമാനമെടുക്കേണ്ട്. ക്രിസ്തുമസിന് അവധി വേണം, അഷ്ടമിരോഹിണിക്കും മിലാദിഷെരീഫിനും

വേണ്ടെന്നു പറഞ്ഞാൽ ശോഭിക്ക യില്ലല്ലോ.

ശ്രീനാരായണ ഗുരുവിനോട് ബന്ധപ്പെട്ട അവധികൾ തുടരട്ടെ, ചട്ടമ്പിസ്വാമിയുടെയും അംബേദ്കറുടെയും ജയന്തികൾ പ്രവൃത്തി ദിനങ്ങളാകട്ടെ എന്നും പറയാനാകില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള എല്ലാ ദിവസങ്ങളിലും നിയന്ത്രിത അവധികൾ എന്ന ഇനത്തിലേക്കു മാറ്റുക. അതാത് മതത്തിലും സമുദായത്തിലും ഉൾപ്പെട്ടവർ മാത്രമേ അവ പ്രയോജനപ്പെടുത്താവൂ എന്ന് നിശ്ചയിക്കുകയും അന്നും പണിയെടുക്കുന്നവർക്ക് പാരിതോഷികം കൊടുക്കാമെന്ന് വിളംബരം ചെയ്യുകയും ഒന്നും വേണ്ട. അത് ഒരു തരും മതവിരുദ്ധ മതനിരപേക്ഷത ആയിപ്പോകും. ഒട്ടാകെ പ്രതിവർഷം എത്ര ദിവസങ്ങൾ ഇങ്ങനെ അവധിയെടുക്കാമെന്ന് പറഞ്ഞാൽ മതി.

നമുക്ക് ഇപ്പോൾ ഉള്ള അവധി ദിവസങ്ങളിൽ പത്തുപതിനഞ്ചെണ്ണം ഇങ്ങനെ കുറയ്ക്കാം. അയ്യങ്കാളിയുടെയും ശ്രീനാരായണ ഗുരുവിന്റെയും ഓർമ്മ പുതുക്കുന്നത് ഓണക്കാലത്താകും, അതു മാറ്റണ്ട.

ഓണം മലയാളിയുടെ പൊതുവായ ആഘോഷമാണ്. അത് തുടരട്ടെ. നാലു ദിവസം വേണ്ടെങ്കിൽ മൂന്നാക്കുന്ന കാര്യം ആലോചിക്കാമെന്നു മാത്രം. അതു തന്നെ വേണമെന്നില്ല. സ്കൂളുകളും മറ്റും അടയ്ക്കുന്ന കാലമാണ്. നാട്ടിൽ പോകേണ്ടവർക്ക് അതിനും നാടു കാണേണ്ടവർക്ക് അതിനും സൗകര്യമുണ്ടാകട്ടെ.

പൂജയുടെ അവധിയും തുടരാം. അത് മതാധിഷ്ഠിതമല്ലേ എന്നു ചോദിച്ചേക്കാം. മതത്തെക്കാൾ ഏറെ സാംസ്കാരികപാരമ്പര്യമായാണ് പൂജയുടെ പ്രാധാന്യം നിർണ്ണയിക്കേണ്ടത്. അവനവന്റെ പണിയായുധങ്ങൾ ഈശ്വരനു സമർപ്പിച്ച് പ്രാർത്ഥിക്കുകയും ഒരു പുനഃസമർപ്പണത്തിന്റെ പിൻബലത്തോടെ വീണ്ടും കർമനിരതനാകുകയും ചെയ്യുന്നതാണല്ലോ പൂജയുടെ തത്വം. വിശ്വാസം ഇല്ലാത്തവർ അത് ആചരിക്കണ്ട; അത്ര തന്നെ.

ഇപ്പോഴും അങ്ങനെയാണല്ലോ നടന്നുവരുന്നതും. ടൈറ്റാനിയത്തിലും കെ.എസ്.ആർ.ടി.സിയിലും പോർട്ട് ട്രസ്റ്റിലുമൊക്കെ പൂജവയ്ക്കുന്നത് പതിവാണ്. ഹിന്ദുക്കൾ മാത്രമല്ല അതിൽ സഹകരിക്കുന്നത്. സഹകരിക്കാത്തവരെല്ലാം അഹിന്ദുക്കളുമല്ല. മേയ്ദിനം തുടങ്ങി വെട്ടാവുന്ന അവധികൾ വേറെയുമുണ്ട്. എന്നാൽ ആദ്യം ചെയ്യേണ്ടത് തീർത്തും മതബദ്ധവും സാമുദായികപ്രാധാന്യാധിഷ്ഠിതവും ആയ അവധി ദിവസങ്ങൾ പൊതുവായ ഒഴിവ് എന്നതു മാറ്റി നിയന്ത്രിതമായ ഒഴിവുദിനങ്ങളായി പ്രഖ്യാപിക്കുകയാണ്.

അമേരിക്കയിൽ ദുഃഖവെള്ളിയാഴ്ച പ്രവൃത്തിദിനമാണ്. ഇവിടെ തൊണ്ണൂറ്റിയെട്ടു ശതമാനത്തിനും അത് ഒരു വെറും അവധിമാത്രമായിരിക്കെ എന്തിന് അതു നിലനിർത്തണം? ദുഃഖവെള്ളിയാഴ്ച രാവിലെ ഒമ്പതു മുതൽ വൈകുന്നേരം നാലുവരെ നീളുന്ന കർമ്മങ്ങൾ ഉള്ള സഭയിലെ അംഗമാണ് ഞാൻ. ഈ സഭയിലെ അംഗങ്ങൾ കേരളജനസംഖ്യയുടെ ഇരുപതിലൊന്ന് വന്നേക്കാം. ഒട്ടും കൂടുകയില്ല, കുറയാനാണ് സാധ്യത. പല ക്രിസ്തീയ വിഭാഗങ്ങൾക്കും പ്രത്യേക ചടങ്ങുകൾ തന്നെയില്ല. ഉള്ളവർക്കു തന്നെ പരമാവധി രണ്ടോ മൂന്നോ മണിക്കൂറിൽ ഒതുങ്ങും.

അപ്പോൾ ദുഃഖവെള്ളി നിയന്ത്രിത അവധിയുടെ പട്ടികയിൽപ്പെടുത്തുന്നതുകൊണ്ട് ഒരു ദോഷവുമില്ല. കാലം ചെയ്ത മാർ വർക്കി കർദ്ദിനാൾ ഒരിക്കൽ പുറപ്പെടുവിച്ച കൽപനയുടെ അന്തഃസത്തയ്ക്ക് നിരക്കുന്നതാകുകയും ചെയ്യും ഈ നിലപാട്. പറഞ്ഞിട്ടെന്താ? പള്ളിപ്പെരുന്നാളിന് വഴി മുടക്കുന്നത് അമ്പലത്തിലെ ഉത്സവത്തിന് മുടക്കുന്നത്ര എങ്കിലും വരണം എന്ന മനസ്സ് മാറണം, ആദ്യം ഗതാഗതം തടസ്സപ്പെടുത്തി സ്ലീവാപ്പാത, കുരുത്തോലയാത്ര, നഗരികാണിക്കൽ, എല്ലാം ദൈവതിരുനാമമഹത്വത്തിന്! പിന്നെ അവധിയാണോ അത്ര വലിയ കാര്യം, അല്ലേ? ■





**Mandiram Hospital Manganam Kottayam 18**

requires

**Finance Manager**

**CA Inter/ M.Com/ MBA finance with 5 years experience in similar post**

**Apply within 10 days to vaccancy14@gmail.com**



# ചുവന്ന തെരുവിനെ പച്ച തെരുവാക്കുവാൻ ശ്രമിക്കുന്ന ആൻസൺ

*"വേ*ശ്യയായി ജീവിക്കേണ്ടി വന്ന എനിക്ക് ഇതിനപ്പുറം ഒരു ജീവിതം ഇല്ല എന്ന ചിന്തയാണ് ഉണ്ടായിരുന്നത്. എന്നാൽ ആൻസൻ സഹോദരനെ കണ്ടുമുട്ടിയതാണ് എന്റെ ജീവിതത്തിന് വഴിത്തിരിവായതും, അർത്ഥമുള്ളതായിതീർന്നതും."

ഈ വാക്കുകൾ മുബൈയിലെ കാമാത്തിപുര എന്ന ചുവന്ന തെരുവിൽ നിന്നും സന്ധ്യ എന്ന യുവതിയുടേതാണ്. ജീവിതക്ലേശങ്ങളുടെ മധ്യേ ഉപജീവനത്തിനായി നേപ്പാളിൽനിന്നും മുംബൈയിലേക്ക് 1993 -ൽ എത്തിച്ചേർന്നതാണ് സന്ധ്യ. എന്നാൽ വന്നുപെട്ടത് മുബൈയിലെ കാമാത്തിപുരയിലെ ചുവന്ന തെരുവിൽ. മൂന്നു വർഷം ഇരുണ്ട മുറിയിൽ അടിമയെപ്പോലെ സ്വന്ത ശരീരത്തിന്റെ ഉടമസ്ഥത നഷ്ടപ്പെട്ട് ജീവിച്ചു. അപ്പോഴാണ് ദൈവദൂതനെപ്പോലെ ആൻസൻ പ്രത്യക്ഷപ്പെട്ടത്. പത്തനംതിട്ട ജില്ലയിലെ തോന്ന്യാമല ചെമ്പരത്തിയിൽ വീട്ടിൽ ശ്രീ പി.സി. തോമസിന്റെ മകനായ ആൻസൺ 25-ാമത്തെ വയസ്സിലാണ് മുബൈയിൽ കസ്റ്റംസ് പ്രിവന്റീവ് ഓഫീസറായിരിക്കെ ചുവന്ന തെരുവിലേക്ക് തിരിഞ്ഞത്. വിവാഹം കഴിക്കാത്ത മകൻ ചുവന്ന തെരുവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് വീട്ടുകാർക്ക് ഭയമുണ്ടായിരുന്നു. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ കളങ്കമില്ലാത്ത ജീവതത്തിലൂടെ മികച്ച സേവനം ചെയ്തുകൊണ്ടിരിക്കുന്ന ആൻസനെ അഭിമാനത്തോടെയാണ് മാരാമൺ കുലത്താക്കൽ കുടുംബാംഗമായ ഏയർ ഇൻഡ്യയിൽ ജോലി ചെയ്യുന്ന ഭാര്യ റീനയും രണ്ടു പെൺമക്കളും കാണുന്നത്. കസ്റ്റംസിൽ നിന്നും വിആർ എസ്സ് എടുത്ത ആൻസൺ, വേശ്യാവൃത്തിയിൽ നിന്നും പെൺകുട്ടികളെ മോചിപ്പിക്കുന്ന ഉന്നത സുവിശേഷ വേലയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ക്രൈസ്തവ മിഷ്യണറി പ്രവർത്തനങ്ങളിലെ ഹീറോയായി മാറിയ ആൻസന്റെ വാക്കുകളിലേക്ക്:

■ സന്ധ്യയെ എങ്ങനെയാണ് കണ്ടുമുട്ടിയത്?

വേശ്യാവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന യുവതികളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും, വിദ്യാഭ്യാസത്തിനുമായി ഞാൻ ശ്രമിച്ചുകൊണ്ടിരുന്ന വേളയിലാണ് സന്ധ്യയുടെ മകനെ പരിചയപ്പെടുന്നത്. മകനിലൂടെയാണ് സന്ധ്യയെ കണ്ടുമുട്ടുന്നതും, വേശ്യാലയത്തിൽനിന്നും അവളെ രക്ഷിക്കുന്നതും. ഇപ്പോൾ ആ മകൻ പള്ളിവക സ്കൂളിൽ പഠിക്കുന്നു.

■ തികച്ചും വ്യത്യസ്തമായ ജീവിതവീക്ഷണവും, പ്രവർത്തനശൈലിയുമാണല്ലോ താങ്കളിൽ കാണുവാൻ സാധിക്കുന്നത്.

കുട്ടികളുമായി അടുത്തപ്പോഴാണ് അനേകം യുവതികൾ/പെൺകുട്ടികൾ വേശ്യാലയത്തിലേക്ക് നിർബ്ബന്ധിതമായി വലിച്ചിഴയ്ക്കപ്പെടുന്നത് ശ്രദ്ധിച്ചത്. ഇത് കണ്ട് നിൽക്കുവാൻ എനിക്ക് സാധിച്ചില്ല. പിന്നീട് ഒരു ഇടപാടുകാരൻ എന്ന നിലയിൽ ഇവരെ കെണിയിൽപ്പെടുത്തുന്നത് ആര്, എവിടെവച്ച് എന്ന് മനസ്സിലാക്കി, പോലീസിന്റെ സഹായത്തോടെ






അവരെ വിടുവിക്കുവാൻ ശ്രമിക്കുന്നു. എട്ടു ദശലക്ഷത്തിൽപരം ലൈംഗീക തൊഴിലാളികളാണ് ഇൻഡ്യയിലുള്ളത് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇതിലധികവും പെൺകുട്ടികളും, കൗമാരപ്രായത്തിലുള്ളവരുമാണ്. എഴുനൂറോളം പെൺകുട്ടികളെ ഇതിനോടകം രക്ഷപ്പെടുത്തുവാൻ എനിക്ക് സാധിച്ചു.

■ ഇത്തരത്തിൽ രക്ഷപ്പെട്ട പെൺകുട്ടികളുടെ ഭാവി?

രക്ഷിച്ചെടുക്കുന്ന പെൺകുട്ടികളെ പുന:രധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിച്ച്, വേണ്ട കൗൺസലിംഗിന് വിധേയമാക്കി, കോടതി ഉത്തരവുപ്രകാരം അവരുടെ തന്നെ ഗ്രാമത്തിലേക്ക് തിരികെ അയക്കുന്നു. അങ്ങനെ പോകുവാൻ സാധിക്കാത്തവരെ പ്രത്യേക സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുന്നു. അവർ എവിടെയായിരുന്നാലും ഒരു ജോലി ലഭിക്കുവാൻ തക്ക തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നല്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നു.

■ മോചിതരായ പെൺകുട്ടികളോടുള്ള സമൂഹത്തിന്റെ പ്രതികരണം എങ്ങനെയാണ്? സമൂഹം അവരെ അംഗീകരിക്കാറുണ്ടോ?

5 സ്റ്റാർ ഹോട്ടലുകളിൽ സമ്മേളനങ്ങൾ നടത്തി, ഇത്തരത്തിലുള്ളവരോട് സഹതാപം പ്രകടിപ്പിക്കുന്ന അനേക മത സാമൂഹിക സംഘടനകളെ അറിയാം. അവരിലൊരാളുപോലും ഇത്തരത്തിലുള്ള ഒരു പെൺകുട്ടിയെ സഹോദരി എന്ന് സംബോധന ചെയ്യുകയോ, അത്തരത്തിൽ കാണുകയോ ചെയ്യാറില്ല. ഇതാണോ യഥാർത്ഥ സാക്ഷ്യം?

■ മാതൃകാപരമായ ഈ സേവനത്തിന് പ്രേരകമായത് എന്താണ്?

എന്റെ ഹീറോ, കർത്താവായ യേശുക്രിസ്തുവാണ്. വർഷങ്ങൾക്കു മുമ്പ് ഒരു ഗാന്ധിജയന്തി ദിനത്തിൽ ഞാനെന്റെ സുഹൃത്തുക്കളോടൊപ്പം മദ്യപിച്ചു. ഇടവക പട്ടക്കാരൻ അതിനെ ചോദ്യം ചെയ്തപ്പോൾ, ആദ്യം ഗൗരവമായി ഞാൻ കണക്കാക്കിയില്ല. എന്നാൽ പിന്നീട് ആ സംഭവം എന്നെ യഥാർത്ഥ അനുതാപത്തിലേക്കും, പ്രാർത്ഥനയിലേക്കും നയിച്ചു. ഞാനെന്റെ മുഴങ്കാലുകളെ ദൈവസന്നിധിയിൽ മടക്കി. ദൈവം പുതിയൊരു പാത എനിക്കുവേണ്ടി ഒരുക്കി. തുടക്കത്തിൽ മയക്കുമരുന്നിന് അടിമപ്പെട്ടവരുടെയും, എയ്ഡ്സ് ബാധിതരുടെയും ഇടയിൽ പ്രവർത്തിച്ചു. മാർത്തോമ്മാ സഭയുടെ നവജീവൻ കേന്ദ്രവുമായി ചേർന്നു പ്രവർത്തിച്ചു. ഇപ്പോൾ ചെയ്യുന്ന ശുശ്രൂഷ എന്റെ സ്വപ്നങ്ങളിൽ പോലുമില്ലായിരുന്നു. ദൈവം കാണിച്ചു തന്ന വഴിയെ ഞാൻ നടന്നു. അത്ര മാത്രം. എനിക്ക് സ്വയമായി അവരെ രക്ഷിക്കുക സാധ്യമല്ല. ദൈവം നടത്തുന്നു.

■ സദാസമയവും വേദപുസ്തകവുമായി നടക്കുന്ന വ്യക്തിയെന്നാണല്ലോ അറിയപ്പെടുന്നത്. രക്ഷിച്ചെടുക്കുന്ന പെൺകുട്ടികളെ മതപരിവർത്തനം നടത്തുന്നു എന്ന ആരോപണം ഉണ്ടല്ലോ?

നിർബ്ബന്ധിതമതപരിവർത്തനത്തിന് ഞാൻ ഇതുവരെ ശ്രമിച്ചിട്ടില്ല. എങ്ങനെയാണ് എനിക്ക് നിർബ്ബന്ധിക്കുവാൻ സാധിക്കുന്നത്? എന്നാൽ ഒരു കാര്യം യഥാർത്ഥമാണ്. ഞാൻ അനുഭവിക്കുന്ന ദൈവസ്നേഹം ഈ പെൺകുട്ടികളുമായി പങ്കുവയ്ക്കുന്നു. ഞാനുറച്ച് വിശ്വസിക്കുന്നു, ദൈവം ഈ പെൺകുട്ടികളെ സ്നേഹിക്കുന്നു. എന്റെ യുദ്ധം സാത്താനോടാണ്, അന്ധകാര ശക്തികളോടാണ്. അതിനാലാണ് നാം വെളിച്ചമായിരിക്കുവാൻ ദൈവം ആവശ്യപ്പെടുന്നത്. എന്റെ ശുശ്രൂഷ ദൈവവിളിയായും, ദൈവനിയോഗമായും ഞാൻ കരുതുന്നു.

■ അനേകം വെല്ലുവിളികൾ നിറഞ്ഞ മേഖലയാണെന്നറിയാം. എന്തെല്ലാമാണ് പ്രധാന വെല്ലുവിളികൾ?

ഏറ്റവുമധികം വെല്ലുവിളി പെൺകുട്ടികളിൽനിന്നു തന്നെയുണ്ടാകാറുണ്ട്. 15 വയസ്സുള്ള കുട്ടി പോലും, "ഞാൻ ഇരുപത്തിയഞ്ചുകാരിയാണെന്നും, രണ്ടു കുട്ടികളുടെ അമ്മയുമാണ്" എന്നാണ് പറയാറുള്ളത്. ഇതു നടത്തിപ്പുകാർ പരിശീലിപ്പിച്ചെടുക്കുന്നതാണ്. വേശ്യാലയ നടത്തിപ്പുകാർ നിരന്തരം എന്നെ പിന്തുടരുന്നു. ഗുണ്ടകളുടെയും, മാഫിയകളുടെയും ഭീഷണി എന്നും നേരിടുന്നു. ഒരിക്കൽ ഗ്രാന്റ് റോഡിലെത്തിയ എന്നെ അവിടുത്തെ സംഘം നേരിട്ടു. ജനക്കൂട്ടമായി. ധൈര്യം സംഭരിച്ച് അവരോടായി ഞാൻ ചോദിച്ചു, "നിങ്ങളുടെ മക്കളെ നിങ്ങൾ

വിൽക്കുമോ? എവിടെ നിങ്ങളുടെ മഹത്വവും, ആർദ്രതയും?" ഈ ചോദ്യങ്ങൾക്ക് ഉത്തരം നല്കാതെ അവർ മടങ്ങി. ദൈവം എന്നോടൊപ്പമുണ്ടെങ്കിൽ ഞാൻ ആരെ ഭയക്കണം? മനുഷ്യന് എന്റെ ശരീരത്തെ മാത്രമെ നശിപ്പിക്കുവാൻ സാധിക്കൂ.

സന്ധ്യയുടെ വാക്കുകളിങ്ങനെ, ''അനേകം ഭീഷണികളെ ആൻസൺ സഹോദരൻ നേരിടേണ്ടി വന്നു, ജീവൻ നഷ്ടപ്പെടുമെന്ന അവസ്ഥകളും, പക്ഷെ, അതെല്ലാം നിസ്സാരമെന്ന് കരുതി സഹോദരൻ പ്രവർത്തിക്കുന്നു."

ആൻസൺ തന്റെ അനുഭവങ്ങൾ വിവരിച്ചു. "പോലീസിന്റെ സഹായം ലഭിക്കുക അത്രയെളുപ്പമുള്ള കാര്യമല്ല. പല പോലീസുകാരും വേശ്യാലയ നടത്തിപ്പുകാരിൽനിന്നും മാസപ്പടി പറ്റുന്നവരാണ്. 85 മുറികളുള്ള ഒരു വേശ്യാലയത്തിൽ പോലീസിന് മാത്രമായി നല്കുന്ന മാസപ്പടി 1.25 ലക്ഷം രൂപയാണ്! ഒരു പെൺകുട്ടിയെ 50,000 രൂപയ്ക്ക് വിലയ്ക്ക് വാങ്ങുകയും, ആ പെൺകുട്ടിയെവച്ച് അടുത്ത അഞ്ചു വർഷത്തിനകം 20 ലക്ഷം രൂപയെങ്കിലും നേടുകയും ചെയ്യും ഇത്തരം സ്ഥാപനങ്ങൾ!"

ഒരു സംഭവം ഇങ്ങനെ: ഒരു വനിതാപോലീസ് 13 വയസ്സുകാരിയെ വേശ്യാലയത്തിൽ ചെന്നു കണ്ട്, "ഇതാണ് നിനക്ക് ഏറ്റവും സുരക്ഷിതമായ സ്ഥലം" എന്ന് പറഞ്ഞ് ആ കുട്ടിയെ വിശ്വസിപ്പിച്ചു. പാരിതോഷികമായി ഒരു വലിയ തുക കൈപറ്റുകയും ചെയ്തു! 17 വയസ്സുള്ള ക്ലാരയെ പരിചയപ്പെടു. 14 വയസ്സുള്ളപ്പോൾ അവളുടെ അമ്മായി അവളെ വിറ്റു. ഭാഗ്യമെന്ന് പറയട്ടെ, ദിവസങ്ങൾക്കുള്ളിൽ എനിക്കവളെ രക്ഷപ്പെടുത്തുവാൻ സാധിച്ചു. ഇപ്പോൾ അവൾ ബ്യൂട്ടിഷൻ കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്നു. ക്ലാരയുടെ വാക്കുകൾ: "ഞാനെപ്പോഴും ദൈവത്തോട് പ്രാർത്ഥിക്കും. ദൈവം എന്നെ സഹായിക്കുമെന്നും, പഠിയ്ക്കുവാനും, പ്രവർത്തിക്കുവാനും ശക്തി തരുമെന്നും വിശ്വസിക്കുന്നു".

■ നിയമങ്ങളില്ലേ?

തീർച്ചയായും ഉണ്ട്. നിയമങ്ങളുടെ അഭാവമല്ല, മറിച്ച് അത് നടപ്പിലാക്കുന്നതിലുള്ള വീഴ്ചയാണ് നമ്മുടെ രാജ്യത്ത് നിഴലിക്കുന്നത്. നിയമം നടപ്പാക്കേണ്ടിയവർ പലപ്പോഴും കൈക്കൂലി വാങ്ങുന്നവരും, ഇത്തരം സംഭവങ്ങളെ ലഘുവായി കാണുന്നവരുമാണ്. വേശ്യാലയങ്ങളിലെ സന്ദർശകരുടെ കൂട്ടത്തിൽ പോലീസുകാരുമുണ്ട്! 1966 -ലെ Immoral Trafficking Prevention Act -പ്രകാരം ലൈംഗീകചൂഷണം നിയമവിരുദ്ധമാണ്. എന്നാൽ വേശ്യാവൃത്തി ഇൻഡ്യയിൽ നിയമപരമായ ഒന്നാണ്. എല്ലാം കണ്ടും കേട്ടും നിൽക്കുന്ന വെറുമൊരു സാക്ഷിയായി നിലകൊള്ളുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതു കാരണം ഈ പെൺകുട്ടികൾക്കു വേണ്ടി ഞാൻ പോലീസ് സ്റ്റേഷനുകളും, കോടതികളും കയറിയിറങ്ങുന്നു.

■ കസ്റ്റംസ് ഉദ്യോഗസ്ഥനായിരുന്നപ്പോൾ താങ്കൾ ഈ പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തിയതെങ്ങനെ? എങ്ങനെയാണ് പരിചയക്കാരുടെ പ്രതികരണം?

ക്രിസ്തുവെന്റെ ജീവിതത്തെ സ്പർശിച്ച സമയം മുതൽ ഞാൻ പുതിയൊരു വ്യക്തിയായി മാറി. എനിക്ക് ലഭിക്കുന്ന ഒഴിവുസമയം മുഴുവനും ഞാൻ സാമൂഹ്യപ്രവർത്തനം നടത്തുന്നു. എനിക്ക് സാരമായ തകരാറ് സംഭവിച്ചു എന്നഭിപ്രായമുള്ളവർ ഏറെയാണ്. എന്നാൽ ഞാനത്തരം അഭിപ്രായങ്ങളെ ഗൗനിക്കാറില്ല. ദൈവവചനം ഞാൻ ആഴത്തിൽ മനസ്സിലാക്കി. ദൈവവചനത്തിലൂടെ ആത്മീയബലം പ്രാപിച്ചു. എതിർപ്പുകളും, വെല്ലുവിളികളും നിറഞ്ഞ ഈ പ്രവർത്തനമേഖലയിൽ ദൈവം എന്നെ ജീവപര്യന്തം വഴി നടത്തും എന്ന് വിശ്വസിക്കുന്നു.

■ താങ്കൾ കസ്റ്റംസിന്റെ ദേശീയ ഹോക്കി താരം കൂടിയായിരുന്നല്ലൊ. അനേകം താരങ്ങളെ കാമാത്തിപുരയിലേക്ക് താങ്കൾ ക്ഷണിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നു.


അതെ, അനേക രാജ്യാന്തര താരങ്ങളെ കാമാത്തിപുരയിലെ കുഞ്ഞുങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുവാനും, അവരുടെ

*ശേഷം 21-ാം പേജിൽ*

## ■ വികസനം ■

കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് കൊച്ചിയിലെ ഒരു സ്ഥാനാർത്ഥി താൻ ജയിച്ചാൽ അഞ്ചു കൊല്ലം വർഷത്തിനകം മെട്രോ റയിൽ, സ്മാർട്ട് സിറ്റി, സ്കൈ സിറ്റി തുടങ്ങിയ പതിനായിരക്കണക്കിന് കോടിയുടെ വികസന പദ്ധതികൾ കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചപ്പോൾ ജനങ്ങൾ കൈയ്യടിച്ചു. പക്ഷേ, കൂട്ടത്തിൽ നിന്ന് ഒരു വല്ല്യമ്മ ചോദിച്ചു, സാർ പറഞ്ഞ വികസനങ്ങളൊക്കെ വരുമായിരിക്കും. പക്ഷേ, എന്റെ മുമ്പിലുള്ള ഈ ടാപ്പിൽ എപ്പോൾ ശുദ്ധജലം വരുമെന്ന് പറയാനാകുമോ?. ഒരു നേതാവിനും ആ ഉറപ്പ് നൽകാനായില്ല. ജലം മനുഷ്യർക്ക് മാത്രമല്ല എല്ലാ ജീവജാലങ്ങൾക്കും അനിവാര്യമായ ഒന്നാണ്. നാം നടത്തിക്കൊണ്ടിരിക്കുന്ന വികസനപദ്ധതികൾ ശുദ്ധജല ലഭ്യത കുറയ്ക്കുന്നതാണെങ്കിൽ ആ വികസനം വേണ്ടായെന്ന് വെയ്ക്കുവാൻ ഒരു ഭരണ കൂടവും തയ്യാറാകുന്നില്ല.

**സീ.ആർ നീലകണ്ഠൻ**



# "REACHING OUT – SHARING FAITH AND MEETING SOCIALNEEDS"

■ **Valson Thampu**

Reaching out, or out-reach, is the genius of the biblical faith. It is the secret of its dynamism.

Out-reach is the very nature of God. Remember how Adam and Eve went and hid themselves, after disobeying God? They would have become ant-hills if God had not reached out to them! Each time the Jews reneged and slinked away from God, he reached out to them. This 'outreach' is a natural and necessary expression of the Creatorship of God. The Creator, unlike a curator, cannot but reach out, when any part of Creation is in peril or decay, just as the Good Shepherd, unlike the hireling, will reach out to the lost sheep (Jn. 10).

Incarnation is a historical expression of this out-reaching-ness of God. Jesus said clearly and emphatically that he came to seek and save the lost (Lk. 19:10). Given that that is the quintessential purpose of his coming into the world, we should expect that he will sent us out, if we heed his call and go to him. It is, indeed, to send us out that he calls us to himself. It is in this sent-ness that Jesus abides with us most powerfully (Jn. 15:4).

There are only two models of leadership in the world. First, leaders who expect you to go to them. Such people will make it difficult for you to reach them, even as they expect you go to them! They want you to go them, but they do not want to have you with them. They understand their importance in terms of this contradiction. Such leaders show off their importance or power in terms of their inhospitality and inaccessibility. This is inherent in the worldly idea of leadership. In the second model, the leader is marked by his outreach. He comes! Because he comes, there is the assurance of redemption and transformation. The Nazareth Manifesto (Lk. 4:18) for example, is ridiculous in respect of the first model. i. e. the 'come-to-me, but touch-me-not' model.

Imagine a leader of the first model meeting with the woman of Samaria! (Jn.4) First of all, this is a logical impossibility. But, for the sake of argument, let us assume that such a meeting can take place. What would be the outcome? The woman, already fallen, will only be exploited and degraded further. I note this in passing only to underline the danger hidden in the 'come-to-me' model or the anti-outreach model, which is the reigning model today.

What is the rationale for outreach? Why reach out at all? What is the discipline of this outreach?

Well, the thief also reaches out! So, not every instance of outreach is spiritually valid of humanly beneficial. Outreach has to be, as Jesus defines it, 'like sheep among wolves' (Mtt. 10:16). The wolf is a symbol of unilateralism. Outreach, when it is cast in the mold of unilateralism, becomes predatory. The corrupt politician reaches out to the electorate at the time of election. He is a wolf among lambs. The lamb is the symbolic opposite of the wolf. It is, symbolically, mutuality introduced into a world of unilateralism. The lamb will, hence, be at peril. It risks being ripped apart. But the lamb is, mercifully, safe against acquiring the nature of the wolf. The outreach of the wolf and the thief is marked by aggressive self-interest. They live in a world in which neighbours will be victims.

You would recall that Jesus, while calling Simon and his brother Andrew, promised to make them 'fishers of men'. They were, till then, 'fishers of fish'. What is the difference between the two? Fishers of fish work only for their profit. They are, that is, unilateral. Do their 'outreach' results in pain and cruelty. Fishers of men reach out for the sake, and only for the ultimate good, of his fellow human beings. That is the hallmark of the Christian outreach.

It is outreach of this kind that embodies the power and possibilities of the biblical faith. Though this has many aspects, we shall, for the time being, look at only two of them: sharing faith and meeting needs.

Sharing faith………………

The strategy of sharing faith is put incomparably well by John, the Evangelist: "the Word became flesh" (Jn. 1:14). It is inherent in the logic of outreach that the self (even the Self) changes. The willingness to change is basic to the wholeness of outreach. Hence it is that Jesus said, "He who wishes to come after me must deny himself, take up my cross and follow me." (Mtt. 16: 24). Outreach, without the saving grace of self-denial, quickly degenerates into the "thief/wolf" model.

So the Word became flesh. Not that there was anything wrong with the Word! Even the Word has to change itself into something else to be an agent of outreach. If we are in Christ Jesus, we shall be a "new creation" (2 Cor. 5: 17). Or, we shall be 'born again' (Jn. 3.3). This is the essential precondition for our outreach to be conducive to sharing the faith. Else, our outreach is likely to discredit the faith.

Our educational institutions, for examples, are embodied outreaches. At leat they are meant to be. Through them we are in engagement with those outside of our community. Do they, as of today, share the faith or sear the faith? Why are they, if they are, stumbling blocks? Isn't it because the discipline and strategy that God himself accepted are rejected by them? If the salt has lost in saltiness, it is good only to be cast out and trampled underfoot by others, says Jesus.

If, as the administrator of a Christian institution, I do not deny myself and become something other than, or more than, 'an administrator' as the world understands this phenomenon, what earthly chance there is that I will share my faith, or may even want

to share my faith, with anyone? A Christian Principal is one who is not a stereotypical Principal, but a missionary. To be a missionary in the domain of education, I have to deny myself as Principal. Only when I deny myself as Principal do I become a Christian Principal. To be a King one has to deny oneself. Only the Servant King can be a true King. All else are imposters and pretenders. Those who have ears to hear, let them hear.

The second aspect of sharing faith is 'dwelling amidst' or 'being with'. The Word, would have fallen short of the model of 'sharing faith' even if it had become flesh, but did not care to 'dwell in the midst' of people. "Abide in me, and I in you," says Jesus (Jn. 15:4). This is an area of crippling weakness for us at the present time. On the social plane, we live, mostly, self-exiled. We are not in engagement with the world around us. We marginalize ourselves. Experientially, we live compartmentalized. Our professional life and our faith life are poles apart. Our week days mock our Sundays! What governs one is irrelevant, even incompatible with the other. We are split-personalities and there is, alas, no wholeness in us! How, then, can we share faith? We cannot 'have' faith, much less 'share' faith!

The third aspect puts the spotlight on who we are, or how others experience us. We need to live in their midst "full of grace and truth". Grace is that God-given quality in you which enables others to be reminded of the presence and authority of God in interacting with you. Showing the other cheek, for instance, is an expression of this grace. Staying focused on the purpose God has for us in calling us and sending us out –being good and faithful servants- is an aspect of this grace. How we deal with difficult situations, including trials and tribulations (Mtt.5: 11, 12), proves this grace.

Sharing faith is not a walk in the park! It cannot be done with human abilities or enthusiasm alone. It has to be a shared labour. In sharing faith we are partners with Christ. This makes us a new Creation. It imbues us with grace and truth. It enables us to abide with people, with even the difficult ones. It enables us to endure. Endurance is the key to effectiveness. He who endures to the end, says Jesus, will be saved. He will be saved from futility and fruitlessness.

Sharing faith is not a matter of Crusades and conventions! Remember what St. Francis of Assisi said, "Preach by all means; use words, if necessary." The simplest, and the most effective way of sharing is, in the words of Jesus, "Come and see". This is a far cry from the predicament of Adam and Eve, who went into hiding! Where do we stand today? Are we in a position to say to people at large, "Come and see!"? Or, do we have to go and hide and our heads in the bush of hypocrisy and playacting?

Meeting needs……………….

What most people rarely realize is that meeting needs is the measure of our relevance. The needs all around us are pregnant with opportunities! They comprise the matrix of our relevance. If we do not, or cannot, respond to needs, are we not irrelevant? The fig tree sans fruit, that Jesus cursed? But to see and to respond to the needs of others, we have to bridle our desires, or overcome our covetousness. That is why the Ten Commandments contain the Commandment, "You shall not covet". Covetousness, on the one hand, degrades us into wolves or thieves and, on the other, makes us blind to the needs of others. We remain so obsessed with our own wants and desires that are cruelly unmindful of the needs of others (cf. The Parable of the Sheep and the Goats).

Clarity on the difference between needs and desires is basic to the discipline of being sent out in outreach. If we are not spiritually educated on this distinction, we will be no better, our good intentions notwithstanding, than 'fishers of fish'. We may meet 'needs' if you like; but they will only be our own needs; or what we think are our needs, which may not be needs at all. How much land, Count Leo Tolstoy asks through a short story, does a man need? Enough to enable him to work and live?Or enough to make him collapse and die?Remember the Rich Fool?

God has placed us in a world of needs. And what is more, we live in a world that denies needs and pursues desires murderously. There is mounting confusion everywhere on this count. Take an illustrative example. Most people covet power: the reason why we have kissakursika. What we need is not 'power' but 'strength'. Jesus was strong, awesomely strong; but he was powerless. (Characteristically this was lost on those who mocked the Crucified. They were blind to his strength. They clamoured for a display of power!) Power and strength seem, in this contrary world of ours, to be incompatible. Either you have power or you have strength. Power belongs to the order of Mammon and strength comes from the Lord. Strength is inner. Power is derived from external sources, means and institutions. What stands us in good stead is strength. The Holy Spirit is strength of that kind: the strength that transforms adversity into an advantage, pain into a profit, crisis into an opportunity.

Any takers for strength?

One of the basic needs that we have is the need to understand our needs aright. This is discernment. Consider the parable of the Lost Son. He thought he needed the licentious, riotous freedom of the 'far country'. He learns the hard way that it is the love of a father that he needs. There is really no point in busying ourselves with meeting needs if we are not spiritually educated about what the 'needs' are and we do not share that 'faith insight' with others. That is why Jesus gave the mandate to his disciples, as he sent them out on their mission, to "preach and heal" (Mtt. 10: 7,8). Prophetic preaching sets people free from their slavery to the pattern of the world which is driven by the multiplication of desires and wants. The 'pattern' of the world is the substitution of needs with desires.

All human beings have a fundamental need for God. Man cannot live by bread alone. But we cannot live without bread either. Hence Jesus' instruction, "Give them something to eat". Consider the profundity of this situation. It is the Living Bread, the Bread of Eternal Life that says, "Give them something to eat"! It is this balance between the eternal and the temporal, the spiritual and the material, the worldly and the other worldly, the intimate and the ultimate that we need. Nothing less will do.

Remember Jesus on the Jericho road? He stops to ask the blind man, Bartimaeus, "What is it that you want me to do for you?" What is it, in other words, that you need? Thank God, he was not confused. "Rabbi," he cried out, "I want to see!" We have a need to have our eyes

ശേഷം 17-ാം പേജിൽ

# വിസ്മൃതരായ സഭാ പിതാക്കന്മാർ

**ജോൺ ഫെൻവിക്ക് (2009 ഇംഗ്ലീഷ്)**
**വിവർത്തനം (2013) റോയ് പി. തോമസ്**
**സി.എസ്.എസ്., തിരുവല്ല, വില : 750/-**

**റവ. ഡോ. കെ.വി. മാത്യു, കോട്ടയം**

The Forgotten Bishops എന്ന ശീർഷകത്തിൽ ബിഷപ്പ് ജോൺ ഫെൻവിക്ക് രചിച്ച ഗ്രന്ഥത്തിന്റെ വിവർത്തനം നിർവഹിച്ചത് ഫോറസ്റ്റ് കൺസർവേറ്ററായി ജോലി ചെയ്യുന്ന ശ്രീ. റോയ് പി. തോമസാണ്. പ്രസിദ്ധീകരണ ചുമതല ഏറ്റെടുത്ത സി.എസ്.എസ്. തിരുവല്ല മലയാള വായനക്കാർക്ക് അത് ലഭ്യമാക്കി. രചയിതാവും വിവർത്തകനും ചെയ്ത കഠിന പ്രയത്നത്തിന്റെ ഫലം അനുഭവിക്കുന്നത് പ്രത്യേകമായും ക്രൈസ്തവവിശ്വാസികളാണ്. അവരുടെ ഈ നിസ്തുല സേവനത്തെ ഏറ്റം ശ്ലാഘിക്കയും നന്ദിയും കടപ്പാടും അറിയിക്കുകയും ചെയ്യുന്നു.

വായനക്കാരുടെ മുമ്പിൽ തുറന്നുവരുന്ന പ്രവേശനകവാടത്തിന്റെ ആമുഖ പുറങ്ങൾ തന്നെ LIX (59) തടുർന്ന് 16 അദ്ധ്യായങ്ങൾ, സംപുഷ്ടമാക്കുന്ന 1673 കുറിപ്പുകൾ 20 പുറങ്ങളിൽ സൂചികാ ഗ്രന്ഥസമുച്ചയവും.

ബിഷപ്പ് ഫെൻവിക്ക് മലങ്കര നസ്രാണികളിൽ ഒരുവനല്ല. കേരള സുറിയാനി സഭകളിലെ ചരിത്രകാരന്മാർ പലപ്പോഴും വിഭാഗീയ ചിന്തകളേയും, നിലപാടുകളേയും, ന്യായീകരിക്കുന്നതായി കാണുന്നു. ആ പരിമിതിയിൽ നിന്നു സ്വതന്ത്രനാണ് ഈ ഗ്രന്ഥകർത്താവ്, കൂടാതെ ഒരുപക്ഷെ ഇത്ര ഏറെ രേഖകൾ പരിശോധിച്ച് രചിച്ചിട്ടുള്ള സഭാചരിത്ര ഗ്രന്ഥവും വിരളം, പുസ്തകത്തിന്റെ പ്രത്യേകതയും അതുതന്നെ.

കേരള സുറിയാനി സഭകൾ പലപ്രകാരത്തിലും പ്രബലരായിരുന്നതിൽ അവരുടെ കൂട്ടത്തിൽ വേണ്ടവണ്ണം അറിയപ്പെടാതെ വിസ്മൃതിയിൽ മറഞ്ഞുപോയ മലബാർ സ്വതന്ത്ര സുറിയാനി സഭയിലെ പിതാക്കന്മാരുടെ ചരിത്രം അനാവരണം ചെയ്യുകയായിരുന്നു ഈ രചനയുടെ മുഖ്യലക്ഷ്യം. പ്രസ്തുത ഉദ്യമത്തിൽ മാർത്തോമ്മാ പൈതൃകംപേറുന്ന സഭകളുടെ ചരിത്രം അതീവ പ്രാധാന്യം അർഹിക്കുന്നു. സുപ്രധാനമായ ഈ ഗ്രന്ഥത്തിന് വഴിയൊരുക്കിയ പശ്ചാത്തലമായിരുന്നു ഇത്.

മാർത്തോമ്മാ ശ്ലീഹായുടെ ഭാരതസന്ദർശനത്തെപ്പറ്റി ഖണ്ഡിത നിലപാടുകൾ ഈ പുസ്തകത്തിൽ കാണുന്നില്ല. ചരിത്ര ഏടുകളെക്കാൾ ഉപരി സാഹചര്യ തെളിവുകളും, പാരമ്പര്യ വിശ്വാസവുമാണ് തോമസ് അപ്പോസ്തലന്റെ വരവിനെ സാധൂകരിക്കുന്നത്. നഷ്ടപ്പെട്ടതും, നശിപ്പിക്കപ്പെട്ടതുമായ രേഖകളുടെ അഭാവം പ്രാചീന ചരിത്രത്തേയും വിസ്മൃതമാക്കി. നാലാം ശതകം മുതൽ മാർത്തോമ്മാ നസ്രാണി പാരമ്പര്യത്തിലേക്ക് ഒഴുകിവന്ന വിദേശ ക്രിസ്തീയ വിശ്വാസ സമൂഹങ്ങളെ വ്യക്തമായി പുസ്തകത്തിൽ അവതരിപ്പിക്കുന്നു.

1. പാരമ്പര്യ സുറിയാനികൾ - കൽദായ പാരമ്പര്യവും പൗരസ്ത്യ സുറിയാനി ലിപിയിൽ ആരാധനക്രമങ്ങൾ ഉള്ളവരുമായ വിശ്വാസ സമൂഹം (നെസ്തോറിയർ)

2. ലത്തീൻ (റോമൻ) കാത്തോലിക്കർ - 1498 നുശേഷം പോർട്ടുഗീസ് സ്വാധീനത്തിൽ വന്നവർ.

3. കൂനൻ കുരിശ് സത്യത്തിനുശേഷം (1653) ലത്തീൻ സ്വാധീനത്തെ തിരസ്ക്കരിച്ച് പഴയകൂറ്റ് കാരുടെ അപേക്ഷ അനുസരിച്ച് 1664-ൽ യരുശലേമിലെ മെത്രാനും യാക്കോബ്യ വിഭാഗത്തിലെ മേൽപട്ടക്കാരന്മാരായ മാർ ഗ്രീഗോറിയോസ് ഉൾപ്പെട്ട പാശ്ചാത്യ സുറിയാനി വിഭാഗം. പകലോമറ്റം തറവാട്ടിലെ അംഗവും തദ്ദേശീയ നസ്രാണികളുടെ തലവനുമായ (അർക്കദിയാക്കോൻ-ജാതിക്ക കർത്തവ്യൻ) മാർത്തോമ്മാ ഒന്നാമന്റെ സ്ഥാന സ്ഥിരീകരണമായിരുന്നു മാർ ഗ്രീഗോറിയോസിന്റെ അന്ത്യം.

4. 19-ാം ശതകത്തിന്റെ പ്രാരംഭത്തിൽ 1616-ൽ എത്തിയ ആംഗ്ലിക്കൻ സഹായമിഷൻ.

അഭയം തേടിയവരും, സഹായത്തിനു വന്നവരും ഒരുപോലെ മാർത്തോമ്മാ നസ്രാണികളുടെ ബലഹീനത ചൂഷണം ചെയ്തു. പൗരസ്ത്യ-പാശ്ചാത്യ സുറിയാനി പ്രാർത്ഥനാക്രമങ്ങളും, ലത്തീൻ ക്രമങ്ങളും ആംഗ്ലിക്കൻ വിശ്വാസ രീതികളും, ക്രമങ്ങളും കേരളത്തിൽ അവതരിപ്പിച്ചു. അവരവരുടെ വിശ്വാസചാരങ്ങളാണ് ശ്രേഷ്ഠമെന്നും, പാശ്ചാത്യ പൗരസത്യ സുറിയാനി ഭാഷയാണ് ദൈവിക ഭാഷയെന്നുപോലും പറഞ്ഞു ധരിപ്പിച്ചു. 1899-ലെ ഉദയംപേരൂർ സുന്നഹദോസ് പൗരസ്ത്യ വിശ്വാസാചാരങ്ങളെ തച്ചുടച്ച്, ലത്തീൻ രീതികൾ രാഷ്ട്രീയ സ്വാധീനത്താൽ നടപ്പിൽ വരുത്തി. അന്ന് ന്യൂനപക്ഷമായി ചുരുങ്ങിയ കൽദായ പൗരസ്ത്യ സുറിയാനികൾ തൃശൂർ കേന്ദ്രമായി നിലനിൽക്കുന്നു. പാശ്ചാത്യ സുറിയാനികളും, ഭാഷയും അവരവരുടേതായ രീതിയിൽ പ്രയോഗത്തിലാക്കി. 1751-ൽ വന്നുചേർന്ന അന്ത്യോക്യൻ സംഘവും പകലോമറ്റം തറവാട്ടിലെ മാർത്തോമ്മാ V നെ വരുതിയിൽ നിർത്താൻ ശ്രമിച്ചു. വിജയിച്ചില്ല (p. 166 - 167) അവർ പട്ടം കൊടുത്ത കാട്ടുമുണ്ടാട്ട് ബാവാമാർ (1772) സ്വതന്ത്ര സുറിയാനി സഭയായി മലബാർ മേഖലയിലെ തോഴിയൂരിലേക്ക് പിന്മാറിയതാണ് ആ സ്വതന്ത്രസഭയുടെ ആരംഭം. തന്നെ കൂടാതെ പട്ടം നൽകിയ അവരെയും ബാവാമാരെയും മാർത്തോമ്മാ V ൽ കൂട്ടാക്കാൻ സമ്മതിച്ചില്ല.

റോമൻ കത്തോലിക്കരാണ് പഴയകൂറ്റുകാരെന്ന് അവരുടെ ഭാഷ്യം കൂനൻ കുരിശ് സത്യം മൂലം റോമാധിപത്യം ത്യജിച്ച പൂർവ്വിക നസ്രാണികളെ അവർ പുത്തൻകൂറ്റ്കാർ എന്നും വിളിച്ചു.

ഏഴു കൂദാശകൾ ഏഴ് ആത്മീയ പാപങ്ങൾ, ആദ്യകുർബാന, കുമ്പസാരം, സ്ഥിരീകരണം, തൈലാഭിഷേകം, അവിവാഹിതപട്ടത്തം, വൈദികവേഷം- കറുത്ത ളോഹ തുടങ്ങിയവ ലത്തീൻ യാക്കോബായ...

കേരളത്തിൽ നുഴഞ്ഞുകയറിയ വിശ്വാസാചാരങ്ങളായിരുന്നു. കന്യക മറിയാമിനെ ദൈവമാതാവ് എന്ന് പറ

ഞ്ഞതിനെ എതിർത്ത പുസ്തകം നശിപ്പിക്കപ്പെട്ട രേഖയിൽ ഉൾപ്പെടുന്നു (പുറം 303, കുറിപ്പ്. 138). ഇടത്തുനിന്ന് വലത്തോട്ട് കുരിശ് വരയ്ക്കുന്ന ലത്തീൻ സമ്പ്രദായം കേരളത്തിൽ നടപ്പാക്കി. പൗരസ്ത്യ സുറിയാനി പാരമ്പര്യം വലത്തുനിന്ന് ഇടത്തോട്ട് വരയ്ക്കുന്ന രീതിയായിരുന്നു. ഇങ്ങനെ കേരള നസ്രാണി സമൂഹത്തിന്റെ തനിമ വികലമാക്കുവാൻ വൈദേശിക ബന്ധങ്ങൾ ഇടയാക്കി. വ്യത്യസ്ത രീതിയിലുള്ള വിശ്വാസ സമൂഹങ്ങളെ മനസ്സിലാക്കി നന്മകൾ സ്വാംശീകരിച്ചിരുന്നെങ്കിൽ ഭാരത തനിമയുള്ള സഭാസാക്ഷ്യം നിലനിർത്താമായിരുന്നു. പകലോമറ്റം തറവാട്ടിലെ അർക്കദിയോൻ പാരമ്പര്യത്തിൽ തുടർന്നു വന്ന മെത്രാപ്പോലീത്തമാർ വിദേശ മേൽക്കോയ്മ ഒരളവിൽ ചെറുത്തുനിന്നെങ്കിലും ഇതര കുടുംബങ്ങളിൽ നിന്ന് വനന്നവർ പലകാരണങ്ങളാൽ വിദേശ സമ്പ്രദായങ്ങളും മേൽക്കോയ്മകളും സ്വാഗതം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

സഹായ മിഷനായി എത്തിയവരും (പാശ്ചാത്യ സുറിയാനികളും ആംഗ്ലിക്കൻ മിഷനും) കേരള നസ്രാണികളിൽ വിഭജനത്തിന്റെ വിത്തു പാകി. യാക്കോബായ (പാശ്ചാത്യ സുറിയാനി) അതിപ്രസരവും 19-ാം ശതകത്തിന്റെ ആരംഭകാലത്തിൽ ലഭ്യമായ മലയാളം ബൈബിളും, നവീകരണാശയങ്ങളും, മലങ്കര നസ്രാണികളെ രണ്ടായി കീറിക്കളഞ്ഞു. അബ്രഹാം മല്പാൻ സ്വീകരിച്ച സ്വതന്ത്ര തൃഷ്ണയുടെ ചുവടുപിടിച്ച് യാക്കോബായ സുറിയാനികൾ, 1912-ൽ കാതോലിക്കാ സ്ഥാപനത്തിലൂടെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയായി നിലകൊണ്ടു. മല്പാനച്ചന്റെ ആശയം പങ്കുവച്ച മാത്യൂസ് മാർ അത്തനാസ്യോസിന്റെ നിലപാടുകൾ, 1876-ലെ മുളന്തുരുത്തി സുന്നഹദോസിലൂടെ അന്ത്യോക്യ (പാശ്ചാത്യ സുറിയാനി) ആധിപത്യം ഉറപ്പിക്കുന്നതിന് കാരണമായി. പ്രസ്തുത ആധിപത്യത്തെ വെല്ലുവിളിക്കുന്നതായിരുന്നു 1912-ലെ കാതോലിക്ക സ്ഥാപനം. അതുപോലെ നവീകരണത്തിൽ ഊന്നിയ മലങ്കര മാർത്തോമ്മാ സുറിയാനികളും.

ശ്രദ്ധേയമായ ഈ ഗ്രന്ഥം വായനക്കാരുടെ മുമ്പിൽ ഉയർത്തുന്ന ചില വെല്ലുവിളികൾ ചൂണ്ടിക്കാണിക്കട്ടെ.

1. മാർത്തോമ്മാ നസ്രാണി ക്രിസ്ത്യാനികൾ ഒരു വിശ്വാസ പൈതൃകം പങ്കുവയ്ക്കുന്നവരാണ്. നമ്മുടേതല്ലാത്ത കാരണങ്ങളാൽ, എന്നാൽ നമ്മുടെ അജ്ഞതയും ഭീരുത്വവും നിമിത്തം വൈദേശിക സ്വാധീനവും ലക്ഷ്യങ്ങളും മനസ്സിലാക്കാൻ കഴിയാഞ്ഞതും നമ്മെ പല തട്ടുകളിലാക്കി നമ്മുടെ ഒരുമ ഇല്ലാതാക്കി.

2. തൊഴുത്തിൽ ഉൾപ്പെടുന്നവരും, ഉൾപ്പെടാത്തവരുമായി (യെഹൂദരേയും, സമസ്ത ജനതയേയും) മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുന്ന യേശുവിന്റെ ദൈവരാജ്യ സുവിശേഷം പങ്കുവയ്ക്കുന്നതായിരുന്നു മാർത്തോമ്മാ ധർമ്മം. സനാതന ധർമ്മത്തോടൊപ്പം ക്രിസ്തുധർമ്മവും സംവേദനം ചെയ്യപ്പെടുന്നതിൽ നാം ഒരു മുന്നണിയാകുമോ?

3. അബ്രഹാമ്യ വിശ്വാസവും സംസ്കാരവും നുകരുന്നവർ ഒരേ ദൈവത്തിന്റെ മക്കളായി എല്ലാ ജനതയേയും ദർശിക്കുന്നതിനും തമ്മിൽ തമ്മിലുള്ള സ്നേഹത്താൽ മാനവൈക്യം സംജാതമാക്കുന്നതിനുള്ള യത്നത്തിൽ പങ്കാളികളാകാനും സാധിക്കുമോ?

4. മാർത്തോമ്മാ പൈതൃകവും, ദൈവരാജ്യ സുവിശേഷവും മുറുകെ പിടിക്കുന്ന സഭാവിഭാഗങ്ങൾ, ഉൾസ്വാതന്ത്ര്യം പരിരക്ഷിക്കുന്നതോടൊപ്പം ക്രിസ്തുയേശുവിന്റെ ദൗത്യ നിർവാഹകർ എന്ന വലിയ കുടക്കീഴിൽ ഒരേ സഭയും ഒരേ ലക്ഷ്യവും പങ്കിടുന്നതിലൂടെ ഐക്യതയും സ്നേഹവും വെളിപ്പെടുത്താനാകുമോ?

വിസ്മൃതരായ സഭാപിതാക്കന്മാരുടെ വായനയിലൂടെ ലോകത്തിൽ സ്മരിക്കപ്പെടുന്ന ക്രിസ്തുവിന്റെ സാക്ഷ്യത്തിലേക്ക് സഭാപിതാക്കന്മാരേയും വിശ്വാസ സമൂഹത്തേയും നടത്തട്ടെയെന്ന് ആശംസിക്കുന്നു.

●

*15-ാം പേജിന്റെ തുടർച്ച*

opened. Everyone! If only Christian education were to result in opening the eyes of the blind!

It is not –pray don't get me wrong- that material needs do not matter. They do. But material needs abound in the scope for misunderstanding. Take your ubiquitous cell phones. How often should you change your model? And how expensive need your phones be? If it is to meet your need to communicate?

Is it, really?

What is your need? Is it to communicate? Or is it to afford a vague feel-good-factor? Or, to show off?Or, to keep up with the Joneses? Or, is it to play mischief? If it is to communicate, is it necessary to invest in newer and more jazzy phones? Isn't it more important to develop yourself so that you 'have something to say' when you use the phone? To become a person whose communication will enrich others? How will catching up with the latest model in the market help in this respect? What is the use in having the best communication instrument when you have really nothing worthwhile to communicate?

It is through outreach that we learn to critique our needs and to discover the needs of others. This has a liberating effect on us. Often we remain grumpy just because we do not know the realities of the world we live in. We are like the boy in a poem from yester years who kept crying because the pair of shoes his dad bought for him was not to his liking, until a beggar came along who had only one leg to stand on. Seeing him boy stopped crying! That is the power, if you like, of the beggar's outreach. How does it matter that it is accidental? The beggar ministered to the boy's need better than his father did. Isn't this splendid irony?

How can we meet people's needs, for God's sake, when we are so confused about our own needs?

Hence it is that Jesus exhorted his disciples, "Watch and pray!"

The Author is the Principal of St. Stephen's College and he can be reached on his email id vthampu@gmail.com



# ചിരിയോ ചിരി

■ ജോർജ് ബഹനാൻ *(Counsellor and Therapist)*

"എന്റെ ഭാര്യ എന്നെ ലക്ഷപ്രഭുവാക്കി"

"അപ്പോൾ വിവാഹത്തിന് മുൻപ് നിങ്ങൾ പാപ്പരായിരുന്നോ?"

"അല്ല കോടീശ്വരൻ"

ഇതിലെ നർമ്മം നിങ്ങളെ ചിരിപ്പിച്ചിട്ടുണ്ടെങ്കിൽ നിങ്ങളിൽ നർമ്മം ഉണ്ട്!! മലയാളി ചിരിക്കാൻ മറന്നു പോയിരിക്കുന്നു എന്നത് സത്യം മെയ് നാലാം തീയതി പോലും മലയാളിക്ക് ചിരിക്കാൻ വിഷമം. ആഗോള ചിരി ദിനമാണ് മെയ് നാലാം തീയി എന്ന് മറക്കരുത്. ജർമ്മൻ മനശാസ്ത്രജ്ഞനായ ഡോക്ടർ മൈക്കിൽ റ്റേർസേ നടത്തിയ പഠനം അനുസരിച്ച് 1950 കളിൽ ഒരു ദിവസം ഒരാൾ 18 മിനിറ്റ് ചിരിച്ചിരുന്നു. എന്നാൽ ഇപ്പോൾ അത് വെറും ആറ് മിനിറ്റായി ചുരുങ്ങിയിരിക്കുന്നു. ഇത് കഷ്ടമാണ്. ചിരിയെപ്പറ്റിയുള്ള കാര്യങ്ങൾ സാർവ്വലൗകികമായ കാര്യമാണ്. എല്ലാ ഭാഷയിലേക്കും വിവർത്തനം ചെയ്യാവുന്ന ഒരു കാര്യം ചിരി മാത്രം മനുഷ്യനു മാത്രമുള്ള ഒരു നന്മയാണ് ചിരി. അതേ സമയം യാതൊരു ചിലവുമില്ലാതെ മറ്റുള്ളവർ അളവ് നോക്കാതെ കൊടുക്കാവുന്ന ഒന്നാണ് ചിരി.

പക്ഷെ ഒരു കാര്യം ഓർക്കുക. പ്രായമാകുന്നതുകൊണ്ട് ചിരി നിർത്തണമെന്നില്ല. പക്ഷെ ചിരി നിർത്തിയാൽ നമ്മൾ പ്രായമായിക്കൊണ്ടിരിക്കും. "കരളെറിഞ്ഞാലും തല പുകഞ്ഞാലും ചിരിക്കണതേ വിദൂഷക ധർമ്മം" എന്ന് സഞ്ജയൻ പറഞ്ഞത് ഓർക്കുന്നില്ലേ.



അതുകൊണ്ട് ആരും ചിരിക്കരുത് എല്ലാ രോഗങ്ങൾക്കുമുള്ള മരുന്ന് അതിലുണ്ട്. ചിരി ഒരു ചികിത്സയാണ് ചിരിക്കുവേണ്ടിയുള്ള ക്ലാസ്സുകൾ തന്നെ ഇന്ന് ധാരാളം സ്ഥലങ്ങളിൽ നടക്കുന്നുണ്ട്. എൺപതു ശതമാനം രോഗങ്ങളുടെയും മൂലകാരണം മാനസ്സിക പിരിമുറുക്കവും, ചിന്താകുലതയുമാണെന്ന കാര്യത്തിൽ സംശയമില്ല. ജീവിതത്തെ ശുഭാപ്തി വിശ്വാസത്തോടെ കാണാൻ ശ്രമിക്കുന്നവരിൽ പിരിമുറുക്കവും, ആകുലതയും കുറയും എന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

ഇന്ന് ചിരിക്കാൻ മറന്ന കുടുംബങ്ങളാണ് അധികവും. പുഞ്ചിരിച്ചാൽ, ചിരിച്ചാൽ, സുസ്മേരവദനനായി ഇരുന്നാൽ അത് ഗൗരവമില്ലായ്മയുടെ ലക്ഷണമായി കണക്കാക്കുന്നവരുടെ ഇടയിലാണ് നാം. ചിരിയും പുഞ്ചിരിയും എല്ലാം ശുഭാപ്തിചിന്തയുടെ (positive Thinking) ഭാഗമാണ്. മറ്റുള്ളവർക്ക് കൊടുക്കാവുന്ന, എപ്പോഴും കൊടുക്കാവുന്ന ഏറ്റവും നല്ലതായ അതേ സമയം ഒരു ചിലവുമില്ലാത്ത സമ്മാനമാണ് പുഞ്ചിരി അല്ലെങ്കിൽ ചിരി. ഒരു ക്ലാസ്സിൽ ചെന്നാൽ പുഞ്ചിരിയുള്ള മുഖങ്ങളുള്ളവർ ഒന്നോ രണ്ടോ മാത്രം. ബാക്കിയുള്ളവരെല്ലാം നീണ്ട മുഖം അഥവാ വിഷമം തുടിക്കുന്ന മുഖങ്ങൾ. എപ്പോഴും സുസ്മേരവദനനായിരിക്കാൻ നാം കുട്ടികളെ പഠിപ്പിക്കണം.

പുഞ്ചിരിക്കുമ്പോൾ ഒരാളുടെ മുഖത്ത് 75 മസിലുകൾ പ്രവർത്തിക്കുന്നു എന്നാണ് പഠനങ്ങൾ കാണിക്കുന്ന അതുകൊണ്ടു പുഞ്ചിരിക്കുന്തോറും ഈ മസിലുകൾ പ്രവർത്തിക്കും. മുഖത്തിൽ ആകർഷണീയത ഉണ്ടാകും അഥവാ ഈ മസിലുകൾ പ്രവർത്തിക്കാനിരുന്നാൽ അത് മുഖത്തിന്റെ ഭംഗി നശിപ്പിക്കും. അതുകൊണ്ട് കൊച്ചുകുട്ടികളെ പുഞ്ചിരിയോടെ സംസാരിക്കാൻ പരിശീലിപ്പിക്കുന്നത് നല്ലതാണ്. ഒരു കുട്ടി പറഞ്ഞു "സർ എന്റെ അച്ഛൻ കടുവയാണ്" ഒരു ചിരിയുമില്ലാത്ത സ്വന്തം അച്ചനെപ്പറ്റി മക്കൾ പറയുന്നതാണ്. ചില കുട്ടികൾ ചിരിക്കില്ല. കാരണം അവർക്ക് പൈതൃകമായി കിട്ടിയ ഒരു വിലക്കാണു (Parental Injunc-

tion) ചിരിക്കുന്നത് ആണത്വത്തിൽ ചേർന്നതല്ല അതുകൊണ്ട് കടുവായെ പോലെ മുഖം കാണിക്കണം!! അതു കൊണ്ട് പുഞ്ചിരിക്കാൻ കഴിയാത്ത മുഖം ഒരിക്കലും സുന്ദരമായിരിക്കില്ല എന്ന് മാർഷ്യൽ പറയുന്നു.

വിടരാത്ത മൊട്ട് നമുക്ക് ഇഷ്ടമല്ല. അതിന് വാസനയും ഇല്ല. അതു പോലെയണ് പുഞ്ചിരിക്കാത്ത മുഖങ്ങൾ എന്ന് ബീച്ചർ പറയുന്നു. "കോടിക്കണക്കിന് രൂപാ ബാങ്കിലിട്ടിട്ട് ചെക്കു ബുക്ക് വാങ്ങാതെ പോകുന്നവനെ പ്പോലെയാണ് ചിരിക്കാത്തവർ" ജീവിതചക്രത്തിന് അയവു വരുത്തുന്ന എണ്ണയാണ് ചിരി അഥവാ നർമ്മം.

'Humour is the soul of personality' അതായത് നർമ്മബോധം ഒരു വ്യക്തിയെ ആകർഷമാക്കുന്നു. ചിലർ നർമ്മബോധത്തോടുകൂടി ജനിക്കുന്നു. ചിലർ നർമ്മബോധം ഉണ്ടാക്കിയെടുക്കുന്നു. ഏതു ഗൗരവമേറിയ കാര്യത്തിലും അല്പം നർമ്മം കാണാൻ സാധിക്കുന്നത് ഒരു വലിയ കഴിവാണ്. പ്രത്യേകിച്ച് സ്വന്തം ജീവിതത്തിലെ പാളിച്ചകളെയോർത്ത് ദുഃഖിക്കുന്നതിന് പകരം, അതിനെയോർത്ത് ചിരിക്കാനുള്ള കഴിവും മനസ്സുമാണ് നർമ്മം. നർമ്മബോധമില്ലായിരുന്നെങ്കിൽ ഞാൻ പണ്ടേ ആത്മഹത്യ ചെയ്യുമായിരുന്നു. "If you don't a sense of humour you probably don't have any sense at all എന്നാണ് ചൊല്ല്'' വൈക്കം മുഹമ്മദ് ബഷീറും, കുഞ്ചൻനമ്പ്യാരും, ബിഷപ്പ് ആന്റണി പടിയറയും, ക്രിസോസ്റ്റം തിരുമേനിയുമെല്ലാം ഈ നർമ്മബോധത്തിന്റെ തമ്പുരാന്മാരാണ്.

ചിരി ഒരൗഷധമാണ് എന്ന കാര്യത്തിൽ സംശയമില്ല. അതിനെപ്പറ്റി ധാരാളം ഗവേഷണങ്ങൾ ലോകത്താകമാനം നടന്നിട്ടുണ്ട്. നമ്മൾ ജീവിതത്തിൽ നർമ്മം കണ്ടെത്തുകയും ചിരിക്കയും ചെയ്യുമ്പോൾ നമ്മുടെ തലച്ചോറിലെ ആൽഫാ ബിറ്റ വേവ്സ് കൂടുന്നു. അത് നമ്മുടെ മനസ്സിനും ശരീരത്തിനും സ്വസ്ഥത നൽകും ചിരി നമ്മുടെ മനസ്സിലെ വിരുദ്ധവികാരങ്ങളെ പുറത്ത് കളയുന്നു. അതു കൊണ്ട് പെട്ടെന്ന് നമ്മുടെ ശരീരത്തിൽ ഊർജ്ജവും, ഉണർവും ഉണ്ടാകുന്നു. ചിരി വന്നാൽ വയറിനും, ശ്വാസകോശങ്ങൾക്കും നല്ല വ്യായാമം കിട്ടും. ശ്വാസകോശങ്ങൾ ശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കും. നമ്മുടെ ശരീരത്തിലെ നാഡീഞരമ്പുകളെയും, ശരീരഗ്രന്ഥികളെയും ഉത്തേജിപ്പിക്കാൻ ചിരി ഏറ്റവും നല്ലതാണ്. കാറ്റകോള മീൽസ് എന്ന ന്യൂറോട്രാൻസ്മിറ്ററിന്റെ ഉല്പാദനം വർദ്ധിക്കയും, നാഡീകോശങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിക്കയും ചെയ്യും.

അതുകൊണ്ട് ഡോൺബോസ്കോ പറഞ്ഞതു പോലെ നിങ്ങൾ ലോകത്തെ നോക്കി പുഞ്ചിരിക്കുക. ലോകം നിങ്ങളെ നോക്കി പുഞ്ചിരിച്ചു കൊള്ളും. ചിലർക്ക് തമാശ കേട്ടാൽ ചിരിക്കാനറിയില്ല. പുഞ്ചിരിച്ചുകൊണ്ട് സംസാരിക്കാനും, മറ്റുള്ളവരെ അഭിവാദ്യം ചെയ്യാനും നാം ഇളം തലമുറയെ പരിശീലിപ്പിക്കണം.

വാൽക്കഷണം കാർദ്ദിനാൽ ആന്റണി പടിയറയുടെ ഫലിതങ്ങളിലൊന്നതാണ്. "സ്വർണ്ണപ്പണിയിൻമേൽ മാത്ര പണം അമിതപലിശ, അയാൾ പള്ളിയിൽ പോകില്ല. കുർബ്ബാനയിൽ സംബന്ധിക്കില്ല. കുമ്പസാരിക്കില്ല. അയാൾ വൃദ്ധനായി മരണശയ്യയിൽ കിടക്കുമ്പോൾ ഒരു നല്ല കുമ്പസാരത്തിനായി മക്കൾ ഉപദേശിച്ചു. അയാൾ അനുസരിച്ചില്ല. മരണക്കിടക്കയിലും പലിശ വിരലിൽ എണ്ണി കൂട്ടുന്നു. ഒരു ആത്മാവ് രക്ഷപെടട്ടെ എന്ന് കരുതി ബിഷപ്പ് നേരിട്ടു വന്നു ഉപദേശിക്കാമെന്ന് തീരുമാനിച്ചു. ബിഷപ്പ് ആ ധനവാന്റെ കിടക്കയുടെ അടുത്ത് ചെന്നു. തന്റെ സ്വർണ്ണമാലയുടെ അഗ്രത്തിലുള്ള കുരിശ്ശെടുത്ത് അയാളുടെ മൂക്കിന് നേരെ ഒന്ന് മുത്തിച്ചു. സംസാര ശേഷി ഭാഗികമായി നഷ്ടപ്പെട്ട ധനവാൻ അയാളുടെ കൈയ്യുടെ ഒരു വിരൽ ഉയർത്തി കാണിച്ചു. ആർക്കും ഒന്നും പിടി കിട്ടിയില്ല. മൂത്ത മകൻ എന്താണപ്പച്ച ഈ കാണിക്കുന്നത് എന്ന് തിരക്കി. "എടാ അത് പിടിച്ചോണ്ട് നൂറു രൂപ കൊടുത്തേക്ക് എന്നു പറഞ്ഞു" ബിഷപ്പ് സ്വർണ്ണകുരിശ് പണയം വയ്ക്കാനായി കൊണ്ടു വന്നതാണെന്നാണ് അയാൾ കരുതിയത്.


## കമ്മ്യൂണിറ്റി ഹെൽത്ത് പ്രൊജക്ട്, പുന്നയ്ക്കാട്

*(പുന്നയ്ക്കാട് സെന്റ് തോമസ് സിഎസ്സ് ഐ ഇടവകയുടെ നേതൃത്വത്തിലും, മാർത്തോമ്മ ഇടവകയുടെയും, മല്ലപ്പുഴശ്ശേരി പഞ്ചായത്തിന്റയും ജനമൈത്രി പോലിസിന്റെയും കാർഡ് കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെയും മുത്തൂറ്റ് ആശുപത്രിയുടെയും സഹകരണത്തിലും നടത്തപ്പെടുന്ന പ്രോജക്ട്)*

മാനേജരെ ആവശ്യമുണ്ട്. ജോലികൾ–എല്ലാ ദിവസവും സൗജന്യ ചികിത്സാ ക്ലിനിക്കിൽ ഡോക്ടറെ സഹായിക്കുക. കോളനികളിൽ ഡോക്ടറോടൊപ്പം പോയി ആവശ്യമുള്ള രോഗികൾക്ക് പരിചരണം നൽകുക, എല്ലാ ആഴ്ചയിലും ഒരു ദിവസം സഭാ ജനങ്ങളെയും കൂട്ടി കിടക്കയിലായിരിക്കുന്ന രോഗികളെ സന്ദർശിച്ച് അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് വേണ്ട സേവനങ്ങൾ ക്രമീകരിക്കുകയും ചെയ്യുക, കോളനികളിലെ കുട്ടികൾക്ക് നേതൃത്വ പരിശീലന ക്ലാസ്സുകൾ ക്രമീകരിക്കുക, പരിസ്ഥിതി സംരക്ഷണം– മാലിന്യ സംസ്കരണം– ജൈവകൃഷി പരിശീലനം തുടങ്ങിയവ കാർഡ് കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സഹകരണത്തിൽ സംഘടിപ്പിക്കുക. ഇടവകയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുക. ഓമ്നി വാൻ ഓടിക്കുവാൻ അറിയാവുന്നയാളായിരിക്കണം. പുന്നയ്ക്കാട്ട് താമസിച്ച് ജോലി ചെയ്യുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

ഡോ.മാത്യു കോശി പുന്നയ്ക്കാട് (ഡയറക്ടർ)
9847275754

# Spread The Word... Get Online!

## -*Adv. John Joseph Nalloor*

It is said that Facebook is the third largest 'country' in the world with 1.15 billion monthly active users as of June 2013 only behind China and India. Social Media is a phenomenon that has not only changed the way the world communicates but has also become a tool of establishing online identities of individuals and organisations.

Churches in India, however, are still unable to optimise this highly popular platform to engage with and galvanise their youth. Ironically, it was The Bible that heralded a communication revolution way back in 1455.

Whenever students around the world learn about the Gutenberg printing press, they learn the Bible was the first printed book. Irrespective of country, religion or language, many people still use the Bible as a text book to learn a language, its grammar, prose and rhyme. The printed Bible marked a historic moment when ordinary people could dream of having his or her own copy of the Bible. Prior to the printing press, copies of the Bible were hand written by learned scholars who spent their whole lives at monasteries and seminaries. The Bible also came to be known as the book most sold in all times.

However, the last half century has been one of great change in technology and mediums of communication. The printing press gave way to other mediums, more noticeably the Internet. People and offices around the world now aim for a paperless environment. Newspapers, banking, travel, billing, books and mails are fast embracing the paperless medium of the Internet to provide accurate real time services.

The revolution in communication technology seems to have left sections of the churches in India far behind, including the ecumenical churches in Kerala. With its keen emphasis on education and information, our church today finds itself lacking a purposeful or visionary focus on how to use the Internet and Social Media to reach out to its members. It is often with despair that church elders and authorities blame the rise of social media networking, online chats and smart phones for low attendance and lack of interest amongst the church youth.

Yet, very few Indian churches have invested or developed a specialized department of communications to understand, invest and harness the power of New Media. Effective communication is all about knowing your audiences and reaching out to them using their medium.

Many India/Kerala based churches have evolved into global churches with parishes around the world. Church members, in their daily lives, use the latest communication technology available today on mobile phones, laptops and tablets. Hundreds of millions of people around the world communicate, send emails, photos, videos, music and share documents online yet there is a void when it comes to church-related content.

The official websites of one or two Kerala based churches are a positive step in bridging the communication gap. However, websites of several Churches / parishes are not updated or many simply do not have one, emails are defunct and information incorrect. A large number of the Church authorities, priests and administrators do not have working emails. This is a sad reflection of the apathetic outlook of the Church on using new media.

It is common knowledge that today's technology and the Internet allows the Church to disseminate messages and information to all its members anywhere in the world at a moment's notice with minimal costs. Church magazines, publications and notices can be sent online to thousands of people practically anywhere. It also allows the rise of a communication channel through which members can respond to the Church locally, regionally and internationally. Existing church related content and groups are largely initiatives of individuals or parishes at a local level.

The Church can no longer ignore New Media and does so at the risk of alienating and losing younger and diaspora members, who feel left out of the Church's current traditional and slow evolving communication methodology. It is high time the Church adopts a holistic communication policy to revamp the existing system to reach out to the younger generation who are habitual users of the Internet and New Media and more importantly future members of the Church. The Vatican, Anglican Church and even various evangelical churches have realized this reality. They not only have updated websites, dedicated radio and TV channels, but are also increasingly active on Facebook, YouTube, Twitter, Flickr, Google Hangout etc.

Noted communications theorist Marshall McLuhan once stated: "Control over change would seem to consist in moving not with it but ahead of it. Anticipation gives the power to deflect and control force."

*Adv. John Joseph Nalloor (member of Kuriannoor Mar Thoma Parish) is an author and the editor of www.nalloorlibrary.com, an online portal that hosts articles on church history and biographies of Evangelists, Church Leaders and other Christian luminaries. He can be contacted at advocatenalloor@gmail.com*

*13-ാം പേജിന്റെ തുടർച്ച*

സാന്നിധ്യവും, സഹകരണവും ഈ പ്രവർത്തനങ്ങൾക്ക് നേടിയെടുക്കുവാനും സാധിച്ചു.

സ്റ്റീവ് വ്വോ, ആഡം ഗിൽക്രിസ്റ്റ്, ആൻഡ്രു ഹഡ്സൺ, ജോയൽ ഗാർനർ, ഹർഭജൻ സിംങ്, സച്ചിൻ തെൻഡുൽക്കർ കൂടാതെ സിനിമാതാരങ്ങളും. പ്രമുഖരുടെ ലിസ്റ്റ് ഇനിയും നീളും....

ഒരു സാക്ഷ്യം കൂടിയാവാം: “എന്ത് പറയണമെന്ന് അറിയില്ല. ആൻസൻ എന്നെ രക്ഷിച്ചു. എനിക്ക് പുതിയൊരു ജീവിതം നല്കിതന്നു. എന്റെ വിവാഹവും നടത്തി തന്നു. എനിക്കും കുടുംബത്തിനുംവേണ്ടി എന്തെല്ലാം ചെയ്തു...”

(വാക്കുകൾ പൂർത്തീകരിക്കാനാകാതെ ലക്ഷ്മി നിറകണ്ണുകളോടെ ആൻസനെ നോക്കി.) 1996 –ൽ രക്ഷപ്പെടുത്തിയതാണ് ലക്ഷ്മിയെ. തനിക്ക് ലഭിച്ച അവാർഡ് തുകയായ 5 ലക്ഷം രൂപ ലക്ഷ്മിക്കും, ഭർത്താവിനും സ്വന്തമായി സ്ഥലം വാങ്ങുവാൻ ആൻസൻ നൽകി. 2003–ൽ Mahatma Gandhi Award for Social Justice -ലഭിക്കുവാനിടയായി. 2009–ൽ CNN - IBN Real Heroes Award തന്നെ തേടിയെത്തി. അവാർഡ് ദാന ചടങ്ങിൽ അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. “My vision and mission is that we should all strive to change our country's red light areas into green light areas. ഇൻഡ്യയിലെ ഓരോ പൗരന്റെയും കടമയാണ് തന്റെ സഹോദരങ്ങളെ ഈ മാരകവിപത്തിൽനിന്നും രക്ഷപ്പെടുത്തുകയെന്നുള്ളത്”. എല്ലാ പെൺകുട്ടികളെയും രക്ഷിക്കുക പ്രയാസമേറിയതിനാൽ ഗ്രാമവാസികളെ ബോധവത്കരിക്കുന്ന യജ്ഞത്തിൽ മുഴുകിയിരിക്കുകയാണ് ആൻസൻ തോമസ്. ഒരു കാര്യം കൂടി ആൻസൻ നമ്മെ ഓർമ്മെപ്പെടുത്തുന്നു, “ആന്തരികമായ രൂപാന്തരത്തിലൂടെയല്ലാതെ സാമൂഹ്യപരിവർത്തനം സാധ്യമല്ല. ധാർമ്മികമായ മൂല്യങ്ങളെ പോഷിപ്പിക്കുകയാണെങ്കിൽ ഇത്തരം സാമൂഹിക വിപത്തുകളെ അകറ്റാനാകും. അതിന് നമുക്ക് കൈകോർക്കാം...” `നാല്പത്തിയെട്ട് വയസ്സിലെത്തിനിൽക്കുന്ന ആൻസന് ക്രൈസ്തവ സഭകളോടും ചിലത് പറയുവാനുണ്ട്. സഭ ക്രീയാത്മകമാകണം. സമൂഹത്തിൽ വേദനിക്കുന്നവർക്കും ദുഃഖിക്കുന്നവർക്കും വിടുതൽ നൽകുവാൻ തയ്യാറാകണം. തന്നെപ്പോലെ അനവധി പേർ ക്രിസ്തു സ്നേഹത്തിൽ ആകൃഷ്ടരായി സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. അവരെ പ്രോത്സാഹിപ്പിക്കുവാൻ സഭ തയ്യാറാകണം.

വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന കാമാത്തിപുരയിലെ കാവൽക്കാരന് ന്യൂവിഷൻ വരിക്കാരുടെ ആശംസകളും, പിന്തുണയും.

(ന്യൂവിഷൻ എഡിറ്റോറിയൽ ബോർഡ് അംഗം ജോൺ അത്യാൽ തയ്യാറാക്കിയ ഫീച്ചർ) ■

# അറിയിപ്പ്

1) വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിക്കുകയെന്നത് മാസികയുടെ പോളിസിയാണ്. ചിലത് പ്രകോപിപ്പിച്ചേക്കാം. സാധാരണ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ വരാത്ത ശൈലിയാണ് നമ്മൾ പിൻതുടരുന്നത്. വായനക്കാർക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. അത് ഞങ്ങളെ എഴുതി അറിയിക്കുക. വ്യക്തികളെ തേജോവധം ചെയ്യുന്നതല്ലായെങ്കിൽ അതും ഞങ്ങൾ പ്രസിദ്ധീകരിക്കും. ആരോഗ്യകരമായ ചർച്ചകൾക്ക് വേദിയൊരുക്കുകയെന്നതും ഞങ്ങളുടെ ലക്ഷ്യമാണ്. മാസികയിൽ പ്രസിദ്ധീകരിക്കുന്ന മാറ്ററുകളുടെ ഉത്തരവാദിത്തം അതെഴുതിയവർക്ക് മാത്രമാണ്. പുതിയതായി ഓരോ മാസവും വരിക്കാരാകുന്നവർക്ക് ഈ നയം അറിയുവാൻ പാടില്ലാത്തതിനാലാണ് ഈ വിവരം തുടർച്ചയായി പ്രസിദ്ധീകരിക്കുന്നത്.

2) സഭകളിൽ നടക്കുന്ന നൂതനവും സാമൂഹ്യപ്രതിബദ്ധതയുമുള്ള പരിപാടികളുടെ ഫോട്ടോകളും റിപ്പോർട്ടുകളും ഞങ്ങൾ പ്രസിദ്ധീകരിക്കും. താഴെക്കൊടുത്തിരിക്കുന്ന നമ്പറിൽ വിളിച്ചു ചോദിച്ചിട്ടും മാറ്ററും ഫോട്ടോയും അയക്കാവുന്നതാണ്. എല്ലാ സഭാവിഭാഗങ്ങളിലുമുള്ളവരും മറ്റ് മതവിഭാഗങ്ങളിലുള്ളവരും വായിക്കുന്ന മാസികയാണ് ന്യൂവിഷൻ. കേരളത്തിലുള്ള എല്ലാ പൊതു വായനശാലകളിലും ന്യൂവിഷൻ ലഭ്യമാണ്.

3) മാസിക ക്രമമായി ലഭിക്കുവാൻ വരിസംഖ്യ കൃത്യമായി അയച്ചു തരുമല്ലോ. റാപ്പറിൽ നിങ്ങളുടെ മാസിക നമ്പർ/ നിങ്ങൾ ഏറ്റവും അവസാനം തന്ന തുക/ വരിസംഖ്യ തീരുന്ന മാസവും വർഷവും രേഖപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ അവസാനം തന്ന തുക റാപ്പറിൽ എഴുതിയിട്ടുണ്ടോയെന്നത് ദയവായി പരിശോധിക്കുക. റാപ്പറിൽ കാണുന്ന മാസം വരെ മാത്രമേ മാസിക അയക്കുകയുള്ളു. **റാപ്പറിൽ വരിസംഖ്യ തീരുന്ന വർഷം രേഖപ്പെടുത്തിയിട്ടില്ലായെങ്കിൽ നിങ്ങൾ മാസികയുടെ വരിക്കാരനല്ലായെന്ന് മനസ്സിലാക്കുക. കോംപ്ലിമെന്ററിയായി അയച്ചു തരുന്നതാണ്. കോപ്പികളുടെ ലഭ്യതയനുസരിച്ചു മാത്രമേ ഈ വിഭാഗത്തിലുള്ളവർക്ക് മാസിക അയക്കുകയുള്ളു.** വരിസംഖ്യ പുതുക്കുമ്പോൾ നിങ്ങളുടെ മാസിക നമ്പർ കൂടി അറിയിക്കണം. സാമ്പത്തിക ബുദ്ധിമുട്ട് കാരണം വരിസംഖ്യ കൃത്യമായ പുതുക്കാത്തവർക്ക് മാസിക അയച്ചു കൊടുക്കേണ്ടായെന്നാണ് പത്രാധിപ സമിതിയുടെ തീരുമാനം. മാന്യ വായനക്കാരുടെ സഹകരണം പ്രതീക്ഷിക്കുന്നു. ഡോ. മാത്യു കോശി പുന്നയക്കാട്

# ജൈവവൈവിദ്ധ്യം സംരക്ഷിക്കുവാൻ പഠിക്കുക

## (Learn to Protect Biodiversity)

**ലേവ്യപുസ്തകം 25: 10–24**

**അതുകൊണ്ട് നിങ്ങൾ എന്റെ കല്പനകൾ അനുസരിച്ച് എന്റെ വിധികൾ പാലിക്കുമെങ്കിൽ നിങ്ങൾ ദേശത്ത് സുരക്ഷിതരായി വസിക്കും**

പുരോഹിതന്മാർക്കുള്ള നിർദ്ദേശങ്ങളും അല്മായക്കാരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും പറയുന്ന പുസ്തകമാണ് ലേവ്യപുസ്തകം. രണ്ട് അടിസ്ഥാന കാഴ്ചപ്പാടാണ് ലേവ്യ പുസ്തകത്തിലുള്ളത്. പാപം നിമിത്തം നശിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിലും ഈ ലോകം മനോഹരമായ സൃഷ്ടിയാണ്. രണ്ടാമത ്, ദൈവവും ലോകവും തമ്മിലുള്ള രമ്യത നഷ്ടപ്പെടാതിരിക്കണമെങ്കിൽ ദൈവീക നിയമങ്ങൾ പാലിക്കണം.

**1)ദൈവമാണ് ഈ ലോകത്തിന്റെ ഉടമസ്ഥൻ**

ദേശം എനിക്കുള്ളതാകുന്നു. നിങ്ങൾ എന്റെ അടുക്കൽ പരദേശികളും വന്നു പാർക്കുന്നവരും അത്രേ. (വാക്യം 23). ദൈവമാണ് പ്രകൃതിയുടെ സൃഷ്ടാവും ഉടയനും. വേദപുസ്തകത്തിൽ മറ്റ് ചില ഭാഗങ്ങളിലും ഈ ആശയം വ്യക്തമാക്കുന്ന വാക്യങ്ങളുണ്ട്. (നെഹമ്യാവ് 9:6, 1 ദിവവൃത്താന്തം 29:11, ഉല്പത്തി 1:1, റോമ 1:20, 8:25, സങ്കീർത്തനം 19:1 –2, 24:1, 47:7, 90:2, അപ്പോ.പ്രവൃത്തികൾ 14:17, കോലോസ്യർ 1:16–17, കൊരിന്ത്യർ 10:26, ആവർത്തനപുസ്തകം 10:14, സഭാപ്രസംഗി 12:1.) എന്റെ ഭൂമി, എന്റെ വീട്, ഈ കാണുന്നത് തുടങ്ങി നാം ഉപയോഗിക്കുന്ന വാക്കുകൾ വേദപുസ്തക വീക്ഷണത്തിൽ നിരക്കുന്നതല്ല. ദൈവം ഉടമസ്ഥനായ ഈ പ്രകൃതിയുടെ കാര്യ വിചാരകന്മാരാണ് നാം. ഒരു വാടകവീട്ടിൽ എങ്ങനെയാണോ താമസിക്കുന്നത് ആ കാഴ്ചപ്പാടിൽ വേണം ഈ ഭൂമിയിൽ താമസിക്കുവാൻ. ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങൾക്കും ഈ ഭൂമിയും അതിന്റെ ചുറ്റുപാടുകളും അവകാശപ്പെട്ടതാണ്. അത് ആസ്വദിക്കുവാനുമുള്ള അവകാശവും. ഏതെങ്കിലും ജീവജാലങ്ങൾക്ക് ദോഷം വരുന്ന രീതിയിൽ ഈ ഭൂമിയെ ഉപയോഗിക്കുവാൻ ആർക്കും അവകാശമില്ല. കീടനാശിനികളും, ആണവ മാലിന്യങ്ങളും, വനനശീകരണവും, തണ്ണീർതടങ്ങളും നീരുറവകളും നികത്തുന്നതും, മലകളിച്ച് നിരത്തുന്നതും ജൈവവൈവിദ്ധ്യത്തെ നശിപ്പിക്കും. ചില ജീവജാലങ്ങൾ വംശവിച്ഛേദനം വരുവാൻ ഇത് ഇടയാക്കും. ഏതാനും വ്യക്തികളുടെ സ്വാർത്ഥ താല്പര്യങ്ങൾക്ക് അനുസൃതമായി ഭൂമിയെ ദുരുപയോഗം ചെയ്യുവാനോ മണ്ണിന്റെ ഘടന മാറ്റുന്നതോ ശരിയല്ല. ദൈവം മനോഹരമായി സൃഷ്ടിച്ച് കർത്തൃത്തം നടത്തുന്ന ഈ ലോകത്തിൽ എല്ലാം വസ്തുക്കൾക്കും മൂല്യമുണ്ട്. ദൈവം പാഴായി യാതൊന്നും സൃഷ്ടിച്ചിട്ടില്ല. എല്ലാ ജീവജാലങ്ങളും സന്തോഷത്തിലും സമാധാനത്തിലും ജീവിക്കണമെന്ന് ഉടയവനായ ദൈവം ആഗ്രഹിക്കുന്നു.

**2)ദേശത്തിലെ സകല നിവാസികൾക്കും സ്വാതന്ത്ര്യം**

അമ്പതാം വർഷത്തെ ശുദ്ധീകരിച്ച് ദേശത്തെല്ലായിടത്തും സകല നിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കണം (വാക്യം 10) മനുഷ്യന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് മാത്രമല്ല വേദപുസ്തകം പറയുന്നത്. തന്റെ സൃഷ്ടിയായ എല്ലാത്തിനും സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയാണ്. മനുഷ്യകുലം എന്നല്ല, നിവാസികൾ എന്നാണ വേദപുസ്തക



ത്തിൽ പലപ്പോഴായി ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യൻ പലവിധ കാരണങ്ങളാൽ മറ്റുള്ള ജീവജാലങ്ങളുടെ അവകാശത്തിന്മേൽ കടന്നു കയറ്റം നടത്തിക്കൊണ്ടിരിക്കയാണ്. ലോകത്തിലെ ആദ്യത്തെ ജൈവസംരക്ഷകനായ നോഹ ദൈവനിർദ്ദേശപ്രകാരം തന്റെ പെട്ടകത്തിൽ എല്ലാ ജീവജാലങ്ങളെയും പ്രവേശിപ്പിച്ചു.ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളും സന്തോഷത്തോടും സമാധാനത്തോടും ജീവക്കണമെന്ന ഉദ്ദേശത്തോടെയും അവയുടെ അനന്തര തലമുറ നിലനിർത്തണമെന്ന ഉദ്ദേശത്തോടെയുമാണ് സകല ജാതിയിൽ നിന്നുമായി ആണും പെണ്ണുമായി ഈരണ്ടീരണ്ടിനെ പെട്ടകത്തിൽ കയറ്റുവാൻ ദൈവം നോഹയോട് ആവശ്യപ്പെട്ടത്. ഈ ഭൂമിയിൽ താമസിക്കുവാനും തങ്ങളെക്കുറിച്ചുള്ള ദൈവോദ്ദേശം നിർവ്വഹിക്കുവാനുമായി ഓരോ ജീവജാലങ്ങൾക്കും ഓരോ സ്ഥലങ്ങളും ദൈവം നൽകി. ദൈവം സൃഷ്ടിച്ച ഓരോന്നിനും ഓരോ ഉദ്ദേശമുണ്ട്, ലക്ഷ്യമുണ്ട്. അവ നിർവ്വഹിക്കുവാൻ ദൈവം എല്ലാത്തിനും സ്വാതന്ത്യവും നൽകി. പലപ്പോഴും ദൈവം നൽകിയ ഈ സ്വാതന്ത്ര്യം മനുഷ്യൻ മനസ്സിലാക്കാതെ മറ്റുള്ള ജീവജാലങ്ങളുടെ സ്വാതന്ത്ര്യത്തിൻ മേൽ കടന്നു കയറാറുണ്ട്. മറ്റുള്ളവയുടെ സ്വാതന്ത്ര്യത്തിൻ മേലുള്ള കടന്നു കയറ്റത്തിൽ നിന്നുള്ള മോചനമാണ് ജൂബിലി വർഷത്തിൽ ദൈവം ആവശ്യപ്പെടുന്നത്. ഉദാഹരണത്തിന്. വനം സംരക്ഷിക്കപ്പെടണമെന്ന ഉദ്ദേശത്തോടെ ദൈവം ഘോര ജീവികളെ കാടിന്റെ കേന്ദ്ര സ്ഥാനത്ത് താമസിപ്പിച്ചിരുന്നത്. രാജവെമ്പാല, കടുവ, തുടങ്ങിയ വന്യ മൃഗങ്ങൾക്ക് നൽകിയിട്ടുള്ള കാട്ടിലേക്ക് മനുഷ്യൻ പ്രവേശിച്ചു. അവയുടെ സ്വാതന്ത്ര്യത്തിന്റെ മേൽ മനുഷ്യൻ കൈ വച്ചു. അപ്പോൾ അവ കാട്ടിൽ നിന്നു നാട്ടിലേക്ക് കയറി. അപ്പോൾ നാം അവയെ വെടി വെച്ചു കൊല്ലുന്നു. അവയുടെ സ്വാതന്ത്ര്യം നശിപ്പിക്കാതെ അവയെ ദൈവം ഉദ്ദേശിച്ച സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിപ്പിക്കുന്നതാണ് ജൂബിലി വർഷം. ഏതെങ്കിലും ജീവിയുടെ സ്വാതന്ത്ര്യത്തിലേക്ക് മനുഷ്യൻ കടന്നു കയറുമ്പോൾ മാത്രമേ ആ ജീവി മനുഷ്യന് ശത്രുവായിത്തീരുന്നുള്ളു. ശല്ല്യമായിത്തീരുന്നുള്ളു. ഇത് പ്രകൃതി നിയമമാണ്. ദൈവീക നിയമവും. അതു കൊണ്ട് മറ്റ് ജീവജാലങ്ങളുടെ സ്വാതന്ത്ര്യത്തെ നമുക്കു മാനിക്കാം. നമ്മെപ്പോലെ അവയ്ക്കും ജീവിക്കുവാനുള്ള അവസരമുണ്ടെന്ന് നാം പഠിക്കണം.

**3)കൂട്ടായ്മയുടെ അനുഭവം**

ജൂബിലി വർഷം നിങ്ങൾ വിതയ്ക്കുകയോ, കൊയ്യുകയോ മുന്തിരിവള്ളിയുടെ ഫലം പറിക്കുകയോ അരുത്.(വാക്യം 11) ജൂബിലി വർഷത്തിൽ ദൈവരാജ്യത്തിലുണ്ടാകേണ്ട രണ്ട് മൂല്യങ്ങളിലേക്കാണ് ഈ ഭാഗം വിരൽ ചൂണ്ടുന്നത്. ഭൂമിയിൽ വിത്ത് വിതയ്ക്കാതിരുന്നാൽ ബഹുവിള കൃഷിയായിരിക്കും നടക്കുക. ആരോഗ്യകരമായ കാർഷിക രീതിയാണ് ബഹുവിള കൃഷി. ഇതാണ് സ്വാഭാവിക കൃഷി. മനുഷ്യർ ഇന്ന് സാധാരണ ചെയ്യുന്നത് ഏകവിള കൃഷിയാണ്. ഒരേ തരത്തിലുള്ള ചെടികളാണ് നടുന്നത്. ബഹുവിള കൃഷിയിൽ എല്ലാ ചെടികളും കൂട്ടത്തോടെ വളരുകയാണ്. മസനബു ഫുക്കോക്കായെപ്പോലുള്ള ജൈവകൃഷിയുടെ പ്രചാരകർ ബഹുവിള കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു. ബഹുവിള കൃഷിയിൽ കീടശല്ല്യം കുറവാണ്. വനത്തിൽ ബഹുവിളയായതിനാൽ ചെടികൾ ആരോഗ്യത്തോടെ വളരുന്നു. വനത്തിൽ കീടനാശിനിയോ,രാസവളമോ ഉപയോഗിക്കേണ്ടി വരുന്നില്ല. ഭൂമിയിലെ എല്ലാ നിവാസികളും ഒത്തൊരുമയോടെ വളരുന്ന സ്ഥലമാണ് വനം. അങ്ങനെ ഒത്തൊരുമയോടെ വളരുന്ന സ്ഥലത്ത് മാത്രമേ ഐശ്വര്യവും സമാധാനവും ഉണ്ടാകൂ. രണ്ടാമത്, ജൂബിലി വർഷത്തിൽ ആയാണ്ടത്തെ വയലിൽ നിന്നു തന്നെ ഫലങ്ങൾ നേരിട്ട് എടുത്ത് തിന്നണമെന്നാണ് ആവശ്യപ്പെടുന്നത്. കൊയ്ത്ത് നടക്കാത്തതിനാൽ മനുഷ്യൻ എടുത്തതിന് ശേഷമുള്ള ഫലങ്ങൾ വയലിൽ തന്നെ കിടക്കും. ഇത് മറ്റ് ജീവജാലങ്ങൾക്കുള്ള ഭക്ഷണമാണ്. മറ്റ് ജീവജാലങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ കരുതലാണ് ഇവിടെ കാണുന്നത്.(ഉല്പ്പത്തി 1: 22, യെഹസ്ക്കേൽ 34:18–19, ആവർത്തനപുസ്തകം 20:19, 22:6, സങ്കീർത്തനം 104: 10–13, യെശയ്യാവ് 5:8) മനുഷ്യൻ തുടർച്ചയായി മണ്ണിനെ ചൂഷണം ചെയ്തു വിളവെടുക്കുമ്പോൾ ചില ജീവികൾ ഭക്ഷണം കിട്ടാതെ ഭൂമിയിൽനിന്നു വംശവിച്ഛേദനം സംഭവിക്കുവാനുള്ള സാദ്ധ്യതയുണ്ട്. ഭൂമിയിലെ ഫലഭൂയിഷ്ഠാതികൾ മനുഷ്യൻ പൂർണ്ണമായി കവർന്നെടുക്കാതിരുന്നാൽ അത് മറ്റ് പല ജീവികൾക്കും പെരുകുവാനും ജീവൻ നില നിർത്തുവാനും സാധിക്കും. മനുഷ്യനുൾപ്പെടുന്ന ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ഒരേ പാടത്ത് നിന്ന് ഭക്ഷിക്കുന്നത് ദൈവ രാജ്യ മൂല്യത്തെയാണ് കാണിക്കുന്നത്. പ്രകൃതിയിലെ വിഭവങ്ങളായ വായുവും ജലവും ആഹാരവും എല്ലാവർക്കും അവകാശപ്പെട്ടതാണ്. അത് മനുഷ്യന് മാത്രമുള്ളതല്ല. നിങ്ങളുടെ പുരയിടങ്ങളിൽ നിന്ന് ഫലങ്ങൾ എടുക്കുമ്പോൾ ഒരു ചെറിയ പങ്കു എടുക്കാതെ അവിടെ തന്നെയിട്ടാൽ മറ്റുള്ള ജീവജാലങ്ങളോടുള്ള കരുതലായി മാറും. മറ്റ് ജീവജാലങ്ങൾ നിങ്ങളെ മിത്രമായി കാണും

നാം പ്രകൃതിയുടെ ഭാഗമാണെന്ന് മനസ്സിലാക്കി, ദൈവത്തിന്റെ സൃഷ്ടിയിലുള്ള ഓരോ ജീവജാലങ്ങൾക്കും ദൈവിക ഉദ്ദേശത്തിനനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകി, എല്ലാവരും സഹകരിച്ചു പ്രവർത്തിക്കുന്ന ഒരു ലോകത്തിൽ മാത്രമേ സമാധാനവും സന്തോഷവും ഉണ്ടാവുകയുള്ളു. ഈ പ്രപഞ്ചത്തിലെ ജൈവവൈവിദ്ധ്യത്തെ നമുക്ക് സംരക്ഷിക്കാം.

**പ്രഫ.ഡോ.മാത്യു കോശി**
**പുന്നയ്ക്കാട്**

## ഹാളും തിരുമേനിയും

ഒരു ഹൈന്ദവ സ്നേഹി തന്റെ മകളുടെ കല്യാണം ഉറച്ചു. രണ്ടാഴ്ചക്കകം വിവാഹം നടത്തണം. കാര്യങ്ങളെല്ലാം എങ്ങിനെ ഇത്ര പെട്ടെന്ന് ക്രമീകരിക്കും എന്ന് സ്നേഹിതൻ ആകുലപ്പെട്ടു. നാട്ടു മര്യാദ അനുസരിച്ച്, ഒരുക്കങ്ങളെക്കുറിച്ച് തിരക്കാൻ അടുത്ത ദിവസം ഞാൻ അദ്ദേഹത്തിന്റെ വീട്ടിലെത്തി. സുഹൃത്ത് വളരെ സന്തുഷ്ടനായി കാണപ്പെട്ടു.

'കല്യാണം അടുത്തതിന്റെ സന്തോഷം മുഖത്തു കാണാനുണ്ടല്ലോ' – ഞാൻ ലോഹ്യം പറഞ്ഞു. 'അതിലും വലിയ സന്തോഷമുണ്ടായി' സുഹൃത്ത് 'എന്താണവോ അത്ര വലിയ സന്തോഷം' എനിക്കറിയാൻ തിടുക്കമായി.

'ഹാളും കിട്ടി. തിരുമേനിയേം ബുക്കു ചെയ്തു'. ഞാനൊന്ന് അമ്പരന്നു. കല്യാണ സീസണിൽ ഹാൾ കിട്ടാൻ വളരെ പണിയാണ്. പലരും കല്യാണത്തീയതി നിശ്ചയിക്കുന്നതുപോലും ഹാൾ കിട്ടുന്ന തനുസരിച്ചാണ്. അതുകിട്ടിയതിലുള്ള സന്തോഷം മനസ്സിലാക്കാം. പക്ഷേ, ഈ തിരുമേനി എന്ന് പറഞ്ഞതാ ആരായിരിക്കും? എന്റെ സ്നേഹിതൻ ഹൈന്ദവനാണ്. നസ്രാണി ആണെങ്കിൽ കല്യാണത്തിനും ശവമടക്കിനും തിരുമേനി കൂടിയേ തീരു. ഇനി ഒരു പക്ഷേ, എല്ലാ മതസ്ഥരും ഒരുപോലെ ആദരിക്കുന്ന ക്രിസോസ്റ്റം തിരുമേനിയോ മറ്റോ ദമ്പതികളെ ആശിർവദിക്കാൻ ക്ഷണിക്കപ്പെട്ടിട്ടുണ്ടാവുമോ? ആ വഴിക്കു പോയി എന്റെ ചിന്ത.

എന്റെ പരുങ്ങൽ കണ്ട് സ്നേഹിതൻ ചോദിച്ചു:

'എന്താ ആലോചിച്ചു നിൽക്കുന്നത്?'

'അല്ല, ഈ തിരുമേനിയെന്ന് പറഞ്ഞത് ആരാ?'

'അതു മനസ്സിലായില്ലേ? നമ്മുടെ പാചകവിദഗ്ധൻ അശ്വാരൂഢൻ തിരുമേനി'.

**ഫാദർ കെ.എം.ജി.**

# പ്രതികരണം

**1.** ന്യൂ വിഷൻ (ഏപ്രിൽ 2014) പ്രസിദ്ധീകരിച്ച "സിറിയൻ പാരമ്പര്യമുള്ള സഭകൾ" എന്ന ശീർഷകത്തിലുള്ള ലേഖനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രണ്ടു വസ്തുതകളുടെ വ്യക്തത ആവശ്യമത്രെ.

1) "കുരിശ് – സഭയുടെ സാർവ്വത്രിക അടയാളം" മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളുടെ ഞായറാഴ്ച ആരാധനക്രമത്തിലും വിശുദ്ധ കുർബ്ബാനക്രമത്തിലും, സ്ലീബാ പെരുനാളിലും (സെപ്റ്റംബർ 14) അതിനുശേഷമുള്ള എല്ലാ ഞായറാഴ്ചകളിലും കുരിശിനെപ്പറ്റിയുള്ള സഭാവിശ്വാസങ്ങൾ സുറിയാനി രീതിയിലുള്ള മലയാളഗാനങ്ങളിൽ ദർശനീയമാണ്, അവയിൽ കോൺസ്റ്റെന്റൻ ചക്രവർത്തി മേലാകാശത്തിൽ സ്ലീബായുടെ (കുരിശിന്റെ) ചിഹ്നം കാണുകയുണ്ടായി എന്നും അങ്ങനെ കാണപ്പെട്ട "ജീവനെഴും സ്ലീബാ" "വിജയത്തിന്റെ ചിഹ്നം" ആയി ലോകത്തിൽ നാനാദേശങ്ങളിലും ഘോഷിക്കപ്പെടുന്നു എന്നും വ്യക്തതയോടെ പ്രസ്താവിക്കുന്നു. (ആരാധനാക്രമത്തിന്റെ 330 മുതൽ 333 വരെയുള്ള പേജുകൾ കാണുക). കോൺസ്റ്റന്റൈൻ ചക്രവർത്തി തന്റെ കിരീടത്തിൽ കുരിശ് അടയാളമായി സ്വീകരിച്ചതോടു കൂടിയാണ് കുരിശ് സഭയുടെ സാർവ്വത്രികമായ അടയാളം ആയിത്തീർന്നത് എന്ന നിഗമനം പരിചിന്തനം ചെയ്യേണ്ട ആവശ്യം ഉണ്ട് എന്നത് സ്പഷ്ടം.

വൈദീക വേഷവിധാനങ്ങളും ആരാധനാവേഷവും

ക്രിസ്താബ്ദം 312 –മാണ്ട് കോൺസ്റ്റെന്റനും ലിസിനിയസ്സും തുല്യ അധികാരവും ആധിപത്യവുമുള്ള റോമാസാമ്രാജ്യ ചക്രവർത്തിമാരായി അവരോധിക്കപ്പെട്ടു. അവർ ഇരുവരും ചേർന്ന് ക്രിസ്തീയ വിശ്വാസത്തിനും പ്രചരണത്തിനും റോമാസാമ്രാജ്യം ഒട്ടാകെ താങ്ങും തണലും നിർബാധം നൽകികൊണ്ടുള്ള ഒരു വിളംബരം മിലാനിൽനിന്നും പ്രഖ്യാപിക്കുകയുണ്ടായി. പതിമൂന്നു വർഷങ്ങൾക്കുശേഷം അവരിരുവരും ബദ്ധവിരോധികളായിത്തീരുകയും തുടർന്നുണ്ടായ യുദ്ധത്തിൽ ലിസീനിയാ വധിക്കപ്പെടുകയും കോൺസ്റ്റെൻ സർവ്വാധികാരിയും സ്വേഛാധിപതിയും ആയ റോമ്മാ സാമ്രാജ്യചക്രവർത്തിയായി അവരോധിക്കപ്പെടുകയും ചെയ്യപ്പെട്ടു എന്ന് ചരിത്ര രേഖകൾ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു. അധികാരഭ്രമത്തിന് വശംവദനായ കോൺസ്റ്റെൻ അതിവേഗം ആഡംബര ജീവിതം നിയക്കുന്നവനും വർണ്ണശബളതയുള്ള വിലയേറിയ അങ്കികൾ ധരിക്കുന്നവനും ആയ ഭരണാധിപനായി; ഈ ഔൽസുക്യത്താൽ പ്രേരിതനായി തന്റെ സുഹൃത്തായ യെരുശലേമിലെ ക്രിസ്ത്യൻ ബിഷോപ്പിന് വളരെ വിലപിടിപ്പുള്ള സ്ഥാനവസ്ത്രങ്ങളും ആരാധനാവസ്ത്രങ്ങളും തുടർ ഉപയോഗത്തിനായി നല്കുകയും ചെയ്തു. ഇതു മുതല്ക്കാണ് ക്രിസ്തീയസഭയിൽ പുരോഹിതന്മാർ പൗരോഹിത്യ വേഷധാരണത്തിലും ആരാധനാ വസ്ത്രങ്ങളുടെ ഉപയോഗത്തിലും തുടക്കം കുറിച്ചത്! ക്രിസ്തീയസഭയിൽ പൗരോഹിത്യ ആധിപത്യ പ്രവണത (sacerotalism) തീവ്രമായത് കാലക്രമത്തിലാണ്.

മേൽക്കുറിച്ച വിവരങ്ങൾ വളരെ വിശദമായി ലണ്ടൻ ആസ്ഥാനമായി ഇന്റർ യൂണിവേഴ്സിറ്റി ഫെലോഷിപ്പ് 1958 ഇറ്റലിയിൽ പ്രസിദ്ധീകരിച്ച "The story of the church" എന്ന ഗവേഷണഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രന്ഥത്തിന്റെ രചയിതാവ് സുപ്രസിദ്ധ വേദശാസ്ത്രപണ്ഡിതനായ പ്രൊഫസ്സർ ഡോ. റെൺവിക്ക് ആണ്. പ്രബുദ്ധരായ ന്യൂവിഷൻ വായനക്കാരുടെ ശ്രദ്ധ പ്രസ്തുതഗ്രന്ഥത്തിലേക്ക് ക്ഷണിക്കട്ടെ.

**ഡോ. കെ. ജോൺ മാമ്മൻ**

**2.** 3.2014 ഏപ്രിൽ ലക്കത്തിലൂടെ ആദരണീയനായ പി.പി. സാമുവേൽ സാറിന്റെ ഭരണകാലത്തെപ്പറ്റി ഓർമ്മപ്പെടുത്തിയ ജസ്റ്റീസ് കെ.റ്റി. തോമസിനു നന്ദി. 20 നവംബറിൽ സാമുവേൽ സാറിന്റെ സീമന്ത പുത്രൻ ഡോ. എസ് ജോസഫുമായി പങ്കുവച്ച എന്റെ അനുഭവം ഇവിടെ ചേർക്കട്ടെ.

1951 ജൂൺ മുതൽ 1957 മാർച്ച് വരെ ഞാൻ അനുഭവിച്ച സാമുവേൽ സാറിന്റെ വാത്സല്യം വർണ്ണിക്കുവാൻ വാക്കുകൾ പോരാ. 1200 വിദ്യാർത്ഥികൾക്കിടയിൽ ചെറിയ ക്ലാസ്സുകൾ മുതൽ അദ്ദേഹം എന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു എന്നു ഞാൻ മനസ്സിലാക്കാൻ തുടങ്ങിയത് അക്കാലത്തെ VI ഫോമിൽ എത്തിയപ്പോൾ മാത്രമായിരുന്നു. VI ഫോമിൽ പഠിച്ചവരാണ് അന്ന് എസ്.എസ്.എൽ.സി പരീക്ഷ എഴുതിയിരുന്നത്. അദ്ദേഹവും കുടുംബവും ആരാധിച്ചിരുന്ന കോട്ടയം ഹോളി ട്രിനിറ്റി സി.എസ്.ഐ കത്തീഡ്രലിലെ സീനിയർ ഗായകസംഘാംഗങ്ങളായിരുന്ന സാറിന്റെ പുത്രന്മാർക്കൊപ്പം ഞാൻ ജൂനിയർ അംഗമായിരുന്നതും കത്തീഡ്രലിലെ പ്രശസ്ത ഓർഗനിസ്റ്റ് കൊച്ചുകുഞ്ഞ് സാറിനൊപ്പം (എം. തോമസ് തോമസ്) സ്കൂൾഗായകസംഘാംഗമായിരുന്നതും സ്കൗട്ട് സംഘടനയിൽ ഞാൻ അംഗമായിരുന്നതും തന്റെ ജ്യേഷ്ഠസഹോദരങ്ങളുടെ വിദ്യാർത്ഥി ജീവിതവും അദ്ദേഹം ശ്രദ്ധിച്ചു. 1955 –ൽ സ്കൂളിൽ എൻ.സി.സി. ജൂനിയർ ഡിവിഷൻ ട്രൂപ്പ് ആരംഭിച്ചപ്പോൾ സ്കൂളിൽ നിരവധി അർഹരിൽനിന്നും 33 പേരെ തിരഞ്ഞെടുത്തപ്പോൾ അന്നത്തെ എൻ.സി.സി ഓഫീസർ പരേതനായ കെ.സി. ജോർജ് സാറിനൊപ്പം ആവുന്നത്ര സമയം തിരഞ്ഞെടുപ്പ് നടപടികളിൽ പങ്കാളി ആയിരുന്നതും ഞാനുൾപ്പെട്ട എൻ. സി.സി. ട്രൂപ്പിൽ പരിശീലനപരിപാടികളിൽ ഏറെ ശ്രദ്ധിച്ചിരുന്നതും ഒരു ഹെഡ്മാസ്റ്റർ എന്ന നിലയിൽ അസാധാരണമായിരുന്നു. കെ.സി. ജോർജ് സാറിന്റെ പരിശീലനത്തിൽ അക്കാലത്ത സ്കൂൾ എൻ.സി.സി. ട്രൂപ്പ് ഒട്ടേറെ അംഗീകാരങ്ങൾ നേടി. 1956– അധ്യയന വർഷത്തിൽ ഞാൻ VI ഫോമിൽ പഠിക്കാൻ ആരംഭിച്ചു.

ആദ്യത്തെ ടേം കഴിഞ്ഞപ്പോൾ എന്നോട് സാമുവേൽ സാർ ഇപ്രകാരം പറഞ്ഞു. ദിവസവും ഒരു പുറം ഇംഗ്ലീഷ് ഫ്രെയ്സ് പകർത്തി എഴുതി അദ്ദേഹത്തിന്റെ ഔദ്യോഗിക മേശപ്പുറത്തു വയ്ക്കണം. വൈകുന്നേരം മടക്കി കൊണ്ടു പോകാം. അടുത്ത പ്രവൃത്തി ദിവസം ഈ പ്രക്രിയ തുടരാം. അദ്ദേഹം ആഗ്രഹിച്ചത് എന്റെ കൈപ്പട കൂടുതൽ വടിവൊത്തത് ആയിരിക്കണം എന്ന്.

1200 ലധികം വിദ്യാത്ഥികളുള്ള, ഒരു ക്ലാർക്ക് മാത്രം സഹായത്തിനുണ്ടായിരുന്നു, ഒരു ഹൈസ്കൂൾ ഹെഡ്മാസ്റ്റർക്ക് ഞാൻ എന്ന ഒരു വിദ്യാർത്ഥിക്ക് സമയം വേർതിരിക്കാൻ കഴിഞ്ഞു എന്ന വലിയ അർപ്പണ മനോഭാവം ഈ 72 –ാം വയസ്സിലും എനിക്ക് ഉൾക്കൊള്ളാനാകുന്നില്ല.

വിരലിലെണ്ണാൻ മാത്രം ഫസ്റ്റ് ക്ലാസ്സ് നേടുന്നവരിൽ ഒരാളായി 1957–ൽ എസ്.എസ്.എൽ.സി പരീക്ഷ സാമുവേൽ സാറിന്റെ ഇംഗ്ലീഷ് അദ്ധ്യാപനത്തിലും, കെ.സി. ജോർജ് സാറിന്റെ ഗണിത ശാസ്ത്ര അധ്യാപനത്താലും, സാമുവേൽ സാറിന്റെ പ്രത്യേക താല്പര്യത്തിലൂടെ അല്പമെങ്കിലും നന്നായ എന്റെ കൈപ്പടയിലും, വിജയിക്കുവാൻ എനിക്കു കഴിഞ്ഞു.

പിറ്റെ വർഷം പ്രി യൂണിവേഴ്സിറ്റി പരീക്ഷയിൽ സെക്കൻഡ് ക്ലാസ്സും വാങ്ങി സാമുവേൽ സാറിനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു. “ഉഴപ്പി അല്ലേ ഫസ്റ്റ് ക്ലാസ് നേടാമായിരുന്നു”

എന്റെ ഉയർച്ചയിൽ പങ്കാളികളായ അദ്ദേഹത്തോടും സഹ അദ്ധ്യാപകരോടും കൊച്ചുകുഞ്ഞു സാറിനോടുമുള്ള എന്റെ നന്ദി നിസ്സീമമാണ്.

സാമുവേൽ സാറിന്റെ ഭൗതികശരീരം കത്തീഡ്രലിൽ കൊണ്ടു വന്നപ്പോൾ എന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ അദ്ദേഹത്തിന്റെ വിദ്യാർത്ഥികളായിരുന്ന മുൻഗായക സംഘാംഗങ്ങളോടൊപ്പം കത്തീഡ്രൽ ക്വയർ സ്റ്റേജിൽനിന്ന് പാട്ടുകൾ പാടി അദ്ദേഹത്തെ യാത്ര അയക്കാൻ കഴിഞ്ഞു എന്നതിൽ ഞാനേറെ അഭിമാനിക്കുന്നു.

**പി.കെ. സഖറിയ**

**3.** ന്യുവിഷൻ മാസിക ലഭിച്ചാലുടനെ ഞാൻ പൂർണ്ണമായും വായിക്കും. ഇംഗ്ളീഷ് ലേഖനങ്ങൾ കുറച്ചിട്ട് കുറേ കൂടി മലയാളം ലേഖനങ്ങൾ ഉൾപ്പെടുത്തരുതോ?. വെല്ലൂരിൽ നിന്നുള്ള ഡോക്ടറുടെ ലേഖനങ്ങൾ നല്ലതായി തോന്നുന്നു. പക്ഷേ എന്നെപ്പോലുള്ള വീട്ടമ്മമാർക്ക് മനസ്സിലാക്കുവാൻ പ്രയാസമാണ്. ക്രിസോസ്റ്റം തിരുമേനിയുടെ കൂടെയുള്ള യാത്ര ഈ ലക്കത്തിൽ കണ്ടില്ല. താല്പര്യത്തോടെ വായിക്കുന്ന ഒരു പംക്തിയാണ്. എനിക്കേറ്റവും ഇഷ്ടപ്പെട്ട മാസികയാണിത്. എനിക്ക് രണ്ടു കോപ്പി ലഭിക്കുന്നുണ്ട്. എനിക്ക് കിട്ടുന്ന രണ്ടാമത്തെ കോപ്പി ഞാൻ എന്റെ സ്നേഹിതകൾക്ക് വായിക്കുവാൻ കൊടുക്കും. രണ്ടയക്കുന്നത് നിമിത്തം നിങ്ങൾക്ക് നഷ്ടമുണ്ടാകാതിരിക്കുവാൻ ഒന്നയച്ചാൽ മതി. എന്റെ കോപ്പി ഞാൻ വായിച്ചിട്ട് മറ്റുള്ളവർക്ക് കൊടുത്തു കൊള്ളാം.

കുഞ്ഞമ്മ ജോസഫ്, വസന്തവിഹാർ, താനെ വെസ്റ്റ്, മുംബൈ

**4.** I am a subscriber of New Vision Magazine. The articles appearing in the magazine are really praiseworthy as it gives serves as an open platform to share the views and thoughts on many biblical issues without considering any denominational boundaries. More topics of social concern may be considered like the recent articles on Gadgil Committee Reports, Air Port issues etc. May the Lord Almighty takes this noble venture to new heights.

Abraham Thomas, Padivattom, Kochi

**5.** In response to my article in Feb. Issue of Newvision,titled A freshlook at the reformation in Marthoma church,there were some response reactions, questioning the biblical correctness of a statement of mine.In my article, I wrote that the teachings of great christians must have place in the bible.In fact I didnot mean that these have to be added physically to the bible, which is obviously an impracticable proposition.Mine was a symbolic expression to suggest that we must strive to see that our lives become an extension of the Book of Acts. That was what PCGeorgeSir meant and that was what I tried to express.I did not intend to question the sanctity of the bible or hurt the feelings of the true believers.

Dr.Abraham Varghese, Rtd. Professor, CMC Vellore

**6.** The article "Beautiful old age" by Dr. Mathew Thriyan of March 2014, with examples of three personalities drawing the conclusion that "attitude" played the key role in their divergent pattern of life was an eye-opener. If we put half a glass of water and asked 100 people, how you see, 90% will say " half empty, and only 10% will say half full". That shows their outlook of life and the clear-cut attitude of life."Our attitude determines our altitude". There is no scientific chemical laboratory test to prove precisely, how the positive thinkers are great achievers in life; whereas the negative thinkers are failures in life. I have watched many people who were affected with the chronic malady of negativism in everything, and they all got sick early in life, suffered more agony through unexpected events in life.We need to try in every way possible, those people, especially the young generation who are negative-minded to be positive-minded. If they appear for an interview with the negative thought that they are not going to get hired, it will show up in their face because face is the mirror of the heart; and the job can be slipped very easily by the depressed face of the candidate. The U.S. Consul in Madras in 1970 was quite notorious for refusing visas to the students. On that day when I went to get my visa in December, about 15 students from various Southern states of India were sitting and sweating, some of them began to utter " I won't get the visa". I asked them straight, then why did you come to get the visa? I was the third went to get the visa and the first person got the visa which was a miracle. Every time, when a negative thought of refusal bombarded me, I said " in JESUS's name, I will get my visa today". With GOD all things are possible.

Mr.A.S Mathew, Ringgold, GA 30736, USA

**7.** വളരെ ശ്രദ്ധയോടെ വായിക്കുകയും ഞാനിഷ്ടപ്പെടുകയും ചെയ്യുന്ന മാസികയാണ് ന്യു വിഷൻ. വരിസംഖ്യയും സംഭാവനയും ഞാൻ കൃത്യമായി അയച്ചു തരുന്നുണ്ട്. മാസിക മുടങ്ങാതെ എനിക്ക് ലഭിക്കുന്ന കാര്യം ഉറപ്പാക്കണം. അധികം താമസിയാതെ എന്റെ ജന്മസ്ഥലമായ ചെന്നിത്തലയിൽ ഞാൻ സ്ഥിര താമസമാക്കുവാൻ വരും.

**Zachariah Thomas,**Mckinney,Texas, U.S.A.

**8.** മറ്റ് പ്രസിദ്ധീകരണങ്ങളിൽ നിന്ന് വ്യത്യസ്തമായി ലളിതമായി കാര്യങ്ങൾ അവതരിപ്പിക്കുന്നുവെന്നത് ന്യുവിഷന്റെ പ്രത്യേകതയാണ്. വ്യത്യസ്ത കാഴച്ചപ്പാടുകൾ മനസ്സിലാക്കുവാൻ ന്യു വിഷനിൽ കൂടി സാധിക്കുന്നു. എന്റെ സംഭാവന ഇതോടൊപ്പം അയക്കുന്നു.

**പ്രഫ ജയിക്കബ് ജോർജ്, ചെങ്ങന്നൂർ**

**9.** മാസികയിലെ ചില ലേഖനങ്ങളോട് എനിക്കു യോജിപ്പില്ല. പ്രത്യേകിച്ച് വനിതാ പൗരോഹിത്യത്തെക്കുറിച്ചുള്ളത്. **സി വി ജോൺ, തിരുവല്ല.**

**10.** ഞാൻ ഇന്ത്യയിലില്ലാതെ പോയത് കൊണ്ടാണ് കുടിശ്ശിഖക്കാരിയായി പോയത്. മാസിക നിർത്താതെ ദയവായി അയച്ചു തരണം. മാസിക ഞാനിഷ്ടപ്പെടുന്നു. എല്ലാം മികച്ചതാണ്. അഭിനന്ദനങ്ങൾ

**ലീലാമ്മ തോമസ്. അമിച്ചകുരി. ചെന്നൈ**

**11.** മാസിക നല്ല നിലവാരം പുലർത്തുന്നു എന്നിറിയിക്കുന്നതിൽ സന്തോഷമുണ്ട്. ഈടുറ്റ ഒരു പ്രസിദ്ധീകരണം പുറത്തിറക്കുവാൻ സാധിക്കുന്നതിലുള്ള സംതൃപ്തി എനിക്ക് ഊഹിക്കുവാൻ സാധിക്കും. പ്രതിപാദ്യവും പ്രതിപാദന രീതിയുമാണ് നിലവാരം നിർണ്ണയിക്കുക. എന്റെ അഭിവാദനങ്ങൾ. എനിക്ക് കോംപിളിമെന്ററിയായി ലഭിക്കുന്നുണ്ടെങ്കിലും,എന്റെ ചെറിയ ഒരു സംഭാവനയും ഇതോടൊപ്പം അയക്കുന്നു

**ഫാ.ജോസഫ് നെച്ചിക്കാട്ട്, പാസ്റ്ററൽ സെന്റർ വയനാട്**

**12.** ഈ ലക്കത്തിൽ ക്രിസോസ്റ്റം തിരുമേനിയുടെ കൂടെയുള്ള യാത്ര കണ്ടില്ലല്ലൊ. തിരുമേനിക്ക് സുഖമില്ലാതിരുന്നതാണോ കാരണം

**റവ ബയിസിൻ കെ മോൻ, എറണാകുളം**

**13.** The exemplary article of Dr. M. Mani Chacko " The Queue-A symbol of Emerging Christianity in China" was very interesting.Are we faced with the day as written in Joel 2:28 " And afterward, I will pour out my Spirit on all the people, Your sons and daughters will prophecy, your old men will dream dreams, your young men will see visions". The last paragraph of the article " GOD indeed at work in China. It is estimated that China would become one of the largest Christian nations in the world in the next two decades" will be a reality.

A. S. Mathew

Recently, when I visited a house, the Dad asked his children to clear their theological doubts with Achen Uncle. Immediately, the 5th Std Kid asked, “Achen uncle, we pray to God...but Jesus also prayed....To whom did Jesus pray if He Himself was God.” I knew the question was a difficult one and could be answered only by explaining one of the toughest topics in Christian Theology....THE TRINITY. Anyway, I thought to explain in a language he could understand. I said, “Mone, it is ALMOST like three states of water - Vapour, Water & Ice. They are same but different states. So is Father, Son and Holy Spirit...etc etc.”
And I thought I had clarified his doubt. He too seem to have been very happy.
Then the mother asked, “Mone, you got it now?”
He said “YES”
Mother asked “What?”
And he said, “That God is WATER VAPOUR”
O ...My Day! That day I realized how much poor a theological

**Rev.Viju Varghese Eapen**

# വിസ്മൃതരായ സഭാ പിതാക്കന്മാർ

വിവർത്തനം: റോയ് പി. തോമസ്

The Malabar Independent Syrian Church is today the smallest of the jurisdictions into which the St Thomas Christian community is now divided. It has, however, played a crucial role in the development of the Syrian Churches, whose stories can not be told without reference to it. The present work shows how the bishops of this tiny, one-Diocese Church, now largely forgotten, once stood at the centre of the events that shaped the present ecclesiastical situation.

Drawing on previously undiscovered manuscripts preserved at Thozhiyur in the former British Malabar, and others at Oxford, Birmingham and the British Library, the story of the impact of a delegation headed by the Maphrian of the Syrian Orthodox Church which reached Kerala in 1751 is told in details. From this was to result a small monastic community that would become a major 'bridgehead' for the introduction of West Syrian usage into India. Contrary to the preveling opinion, this identity was reinforced by the arrival of Anglican missionaries in 1816, and by two powerful members of the Palakunnathu dynasty - Abraham Malpan and Mathews Mar Athanasios.

The findings challenge the way the main communities in Kerala (Catholic, Syrian Orthodox, Malankara Orthodox and Mar Thoma) are accustomed to tell their stories. The reality - with the bishops of the Malabar Independent Syrian Church at its heart - is more complex, and more fascinating, that has been told so far.

CSS BOOKS TIRUVALLA

Price ₹750/-

ISBN 978-81-7821-608-9

9 788178 216089 00750 >


77813

വിസ്മൃതരായ സഭാ പിതാക്കന്മാർ

ജോൺ ഫെൻവിക്ക്

# വിസ്മൃതരായ സഭാ പിതാക്കന്മാർ

ജോൺ ഫെൻവിക്ക്



മലബാർ സ്വതന്ത്ര സുറിയാനി സഭയും
തെക്കേ ഇന്ത്യയിലെ സെന്റ് തോമസ് ക്രിസ്ത്യാനികളുടെ
ചരിത്രത്തിൽ അതിന്റെ പങ്കും.

**NEW VISION FOR A CHANGING WORLD**
Annual Subscription Rs. 175/-


Registered with the Registrar of Newspapers for India, under
**No. KER BIL/2000/1543**

**Published on 28. 04. 2014**

**May 2014**
**Postal Regn. KL/KTM/362/2012-14**
**Posted at Kottayam RMS on 28th of every preceding month**
**License No. KL/CR/KTM/WPP-42/2012-14**
**Licensed to Post without Prepayment**

**Kochi Business School**

**MBA@KBS**
Affiliated to MG University and approved by AICTE



**One MBA Multiple career options**

**BRANCH OUT TO GROW IN YOUR CAREER**

# Applications are invited for MBA 2014-16 Batch

**KBS is instituted by Mar Thoma Educational Society and promoted by leading professionals and industrialists in Kerala. The institution is located at the vicinity of Infopark and Smart City, Kochi and is logistically well connected.**

• Well qualified, experienced and committed faculty • Regular interaction with business leaders • All Specialisations available as per MG University curriculum • Excellent Placement support • Value added courses in specialised areas • Hostel facilities available for girls & boys.

**Scholarships for deserving and meritorious students**

**Rev. Abey T Mammen**
Manager,

**Dr.Francis Cherunilam**,MA, MBA, DDP, PhD
Director

*Contact immediately for admission:*

## Mar Thoma School of Management Studies

**(A Sister Institution of Mar Thoma Public School)**

**Kakkanad, Kochi - 682030. Ph: 0484 2428558, 2428228, 08129288555**
**Fax: 0484 2428558. Email: admissions@kochibusinessschool.ac.in**

**www.kochibusinessschool.ac.in**

**Edited, Printed and Published by Dr. Mathew Koshy, Punnackadu**
**Owned by Rev. K.C. Mathew, Chairperson, Nava Darshan Trust, Manganam, Kottayam.**
**Printed at IGM Offset Press for Learners' Offset Printers, CMS College Road, Kottayam**
**Page Layout @ IGM Offset & DTP Centre, Tvla Ph : 0469 2602192, 2601137, E-mail : igmthiruvalla@hotmail.com**